കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-2018

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.13/1906/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail: doknr.ksad@kerala.gov.in

Phone: 04972707698

തീയ്യതി: 18.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് - 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് .

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്കും 1-6, 1-10, 1-12 ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഏയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3) കാര്യാലയ പ്രതി.

നം കെ.എസ്.എ./കെ.എൻ.ആർ./സി.13/1906/2018 തീയതി : 18.12.2018

# കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 19.06.2017 മുതൽ 20.10.2018 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | ശ്രീ.ബി.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2018 മുതൽ 31.10.2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി സിന്ധു ടി പി | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 2 | ശ്രീ.ഷാജു തോമസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.ലതീഷ് കുമാർ കെ കെ | ഓഡിറ്റർ |
| 4 | ശ്രീ.പ്രമോദ് കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ഇ പി ബാലകൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ഷാജി ജോസഫ് ചെറുകരക്കുന്നേൽ | 01.04.2017 മുതൽ 31.03.2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ റൂബി ജാനറ്റ് ജോണി | 01.04.2017മുതൽ20.10.17 വരെ |
| | | ശ്രീമതി സപ്ന കെ | 21.10.17മുതൽ29.10.17 വരെ |
| | | ശ്രീ ജിതിൻ വി വി | 30.10.17മുതൽ31.03.18 വരെ |
| 2 | വി.ഇ.ഒ,കടന്നപ്പള്ളി | ശ്രീമതി.ജീന കൃഷ്ണൻ | 01.04.17 മുതൽ 15.11.17 വരെയും<br>01.12.17 മുതൽ 31.03.18 |

| | | | |
|---|---|---|---|
| | | | വരെയും |
| | | ശ്രീ.രഞ്ജിത്ത് വി ആർ | 16.11.17 മുതൽ 30.11.17 വരെ |
| | വി.ഇ.ഒ, പാണപ്പുഴ | ശ്രീ.രഞ്ജിത്ത് കെ | 01.04.17 മുതൽ 18.04.17 വരെ |
| | | ശ്രീമതി.ദീപ | 19.04.17 മുതൽ 30.05.17 വരെ |
| | | ശ്രീമതി.ജീന കൃഷ്ണൻ | 31.05.17 മുതൽ 21.06.17 വരെ |
| | | ശ്രീ.കമാലുദ്ദീൻ എൻ പി | 22.06.17മുതൽ 22.10.17വരെ<br>04.12.17 മുതൽ 14.12.17 വരെ |
| | | ശ്രീ.രഞ്ജിത്ത് വി ആർ | 23.10.17 മുതൽ 03.12.17 വരെ |
| | | ശ്രീ.സന്ദൂപ് | 15.12.17 മുതൽ 31.03.18 വരെ |
| 3 | വെറ്റിനറി സർജൻ | ഡോ. സുജോയ്. പി പി | 01.04.17 മുതൽ 31.03.18 വരെ |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ഷമ്ന ഉണ്ണികൃഷ്ണൻ | 01.04.17 മുതൽ 25.12.17 വരെ |

| | | | |
|---|---|---|---|
| | | | |
| | | ശ്രീമതി ശ്രീലത പി | 26.12.17 മുതൽ 31.03.18 വരെ |
| 5 | ഹെഡ് മാസ്റ്റർ | ശ്രീ സുബ്രഹ്മണ്യൻ എൻ | 01.04.17 മുതൽ 01.06.17 വരെ |
| | | ശ്രീമതി ലതിക പി | 02.06.17 മുതൽ 31.03.18 വരെ |
| 6 | മെഡിക്കൽ ഓഫീസർ (പിഎച്ച് സി) | ഡോ.ജാൻസി സേതുനാഥ് | 01.04.17 മുതൽ 14.06.17 വരെ |
| | | ഡോ. മംഗള രാജീവൻ | 15.06.17 മുതൽ 10.08.17 വരെ |
| | | ഡോ. വിനോദ് എം കെ | 11.08.17 മുതൽ 19.02.18 വരെ |
| | | ഡോ.അരുൺബാബു.എൻ.ബി | 20.02.18 മുതൽ 31.03.18 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ ജമുന | 01.04.17 മുതൽ 31.03.18 വരെ |
| 8 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ സ്നേഹേഷ് | 01.04.2017മുതൽ 31.03.2018വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ഷിബു കരുൺ | 01.04.17 മുതൽ 31.03.18 വരെ |

| | | | |
|---|---|---|---|
| 10 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ചേയിക്കുട്ടി സി | 01.04.17 മുതൽ 30.04.17 വരെ |
| | | ശ്രീമതി ലതിക എം | 01.05.17 മുതൽ 12.03.18 വരെ |
| | | ശ്രീമതി എം വി ഉഷ | 13.03.18 മുതൽ 31.03.18 വരെ |
| 11 | സെക്രട്ടറി | ശ്രീ ഷാജി ജോസഫ് ചെറുകരക്കുന്നേൽ | 01.04.2017മുതൽ 31.03.2018വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |

| | | |
|---|---|---|
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകങ്ങൾ |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | വസ്തു നികുതി പുനർ നിർണ്ണയം - വാർഷിക കണക്കിൽ നിന്ന് കുടിശിക ഒഴിവാക്കിയതും മറ്റ് അപാകങ്ങളും |
| 14 | 2-2 | വാർഡ് തല ടെയ്ഡേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല |
| 15 | 2-3 | കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിക്കാത്തത്-തുക തിരിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | കുടിവെള്ള കരം- കുടിശിക വരുത്തിയതിനാൽ പിഴ അടവാക്കേണ്ടി വന്നത്- നഷ്ടം ഈടാക്കേണ്ടതാണ് |
| 17 | 3-2 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 18 | 3-3 | വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കൈമാറിയ തുക-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |

| | | |
|---|---|---|
| 19 | 3-4 | വീട് വയറിംഗ്- രേഖകൾ ഹാജരാക്കിയിട്ടില്ല |
| 20 | 3-5 | വാഹന ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്ന് പോളിസി എടുക്കുന്നില്ല |
| 21 | 3-6 | ആശ്രയ പദ്ധതിക്ക് മരുന്ന വാങ്ങൽ - ചലഞ്ച് ഫണ്ട് വിനിയോഗിക്കാതെ വികസനഫണ്ട് വിനിയോഗിച്ചതും മറ്റ് അപാകങ്ങളും -25000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 22 | 3-7 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നല്കൽ-വാറണ്ടി സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചിട്ടില്ല |
| 23 | 3-8 | ആശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങൽ-വാങ്ങിയ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 24 | 3-9 | വനിതകൾക്ക് യോഗ പരിശീലനം-പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിർവ്വഹണം നടത്തിയതും മറ്റ് അപാകങ്ങളും - 108000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. |
| 25 | 3-10 | സ്കൂൾ കുട്ടികൾക്ക് യോഗാപരിശീലനം -സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിൽ അധികരിച്ച് പ്രതിഫലം നല്കിയത്- 6000രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല |
| 26 | 3-11 | ടാർ വാങ്ങൽ -ഗ്രാമപഞ്ചായത്തിന് തിരികെ കിട്ടാനുള്ള തുക ലഭ്യമാകാത്തതും കൺവെയൻസ് കോൺട്രാക്ടിലെ അപാകങ്ങളും |
| 27 | 3-12 | പാലിയേറ്റീവ് പരിചരണ പദ്ധതി – കാര്യക്ഷമമായി പ്രവർത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |

| | | |
|---|---|---|
| 28 | 3-13 | വയോജനങ്ങൾക്ക് ഉപകരണങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ- 95940 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 29 | 3-14 | കൃഷി ഓഫീസ്സർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ |
| 30 | 3-15 | സംസ്ഥാന ആവിഷ്കൃത ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല |
| 31 | 3-16 | ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ |
| 32 | 3-17 | ഓഡിറ്റ് അന്വേഷണം നല്കിയതിനെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിവരങ്ങൾ |
| ഭാഗം 4 ഓഡിറ്റ് പ്രത്യവലോകനം | | |
| 33 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 34 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 35 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 36 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 37 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 38 | 4-6 | ഓഡിറ്റ് റിക്കവറി |
| 39 | 4-7 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 40 | 4-8 | ചാർജ്ജ് സർചാർജ്ജ് നടപടികൾ സംബന്ധിച്ച വിവരങ്ങൾ |
| 41 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 42 | 4-10 | ഓഡിറ്റ് ഇംപാക്ട് |

| | | |
|---|---|---|
| 43 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | | അനുബന്ധപത്രികകൾ |
| 44 | അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 45 | അനുബന്ധം2(1) | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 46 | അനുബന്ധം2(2) | ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 47 | അനുബന്ധം2(3) | ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 18.03.17 ലെ 1/2017 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ഒറിജിനൽ ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | -- | 564968 |
| വരവ് | 107606960 | 120355315 |
| ആകെ | 107606960 | 176852185 |
| ചെലവ് | 107017960 | 126537325 |
| നീക്കിയിരിപ്പ് | 589000 | 50314860 |

പരിഷ്കരിച്ച ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 17.03.18 തീയതിയിലെ 7/18(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ടെങ്കിലും ഭരണ സമിതി മിനുട്സിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല .

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 31.07.18 | 15/05/2018 | -- |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.18,21.06.18 | KSA/KNR/C.13/ 1238/18 19.07.18 |

## 1-4 സാമ്പത്തിക വിശകലനം

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുൻബാക്കി | 68,33,200 |
| വരവ് | 6,16,60,830 |
| ആകെ | 6,84,94,030 |
| ചെലവ് | 6,22,12,281 |
| നീക്കിബാക്കി | 62,81,749 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13866000 | 13866000 | 13866000 | |

<table>
<tr><td colspan="2">വികസന ഫണ്ട്-എസ് .സി.പി (ACR പ്രകാരം)</td><td>0</td><td>1402143</td><td>1402143</td><td>1402143</td><td></td></tr>
<tr><td colspan="2">വികസന ഫണ്ട്-ടി.എസ് .പി (ACR പ്രകാരം)</td><td>0</td><td>0</td><td>0</td><td>0</td><td></td></tr>
<tr><td colspan="2">മെയിന്റനൻസ്, റോഡ്<br>(ACR പ്രകാരം)</td><td>0</td><td>6854000</td><td>6854000</td><td>6854000</td><td></td></tr>
<tr><td colspan="2">മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)</td><td>0</td><td>3051000</td><td>3051000</td><td>3051000</td><td></td></tr>
<tr><td colspan="2">സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം)</td><td>0</td><td>6511475</td><td>6511475</td><td>6511475</td><td></td></tr>
<tr><td colspan="2">കെ.എൽ.എസ്.ജി.ഡി.പി-central (ACR പ്രകാരം)</td><td>0</td><td>1988900</td><td>1988900</td><td>1988900</td><td></td></tr>
<tr><td colspan="2">കെ.എൽ.എസ്.ജി.ഡി.പി-state (ACR പ്രകാരം)</td><td>0</td><td>864263</td><td>864263</td><td>864263</td><td></td></tr>
<tr><td colspan="2">ദുരിതാശ്വാസനിധി</td><td>83085</td><td>4938</td><td>88023</td><td>11500</td><td>76523</td></tr>
<tr><td rowspan="2">എം. ജി .എൻ.ആർ. ഇ. ജി. എസ്</td><td>തൊഴിലാളികളുടെ കൂലി,മെറ്റീരിയൽ കോസ്റ്റ് മുതലായവ</td><td></td><td>7297692</td><td>7297692</td><td>7297692</td><td></td></tr>
<tr><td>അഡ്മിനിസ്ട്രേറ്റീവ് ചെലവ്</td><td>49832</td><td>478308</td><td>528140</td><td>484058+<br>38500(refund)</td><td>5582</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | 465832 | 3140071 | 3605903 | 1279480 | 2326423 |
| ബി ഫണ്ട് | | 0 | 41412780 | 41412780 | 41412780 | 0 |
| സംസ്ഥാനാവിഷ്കൃത വിഹിതം | | 40417<br>25000 | 1544<br>12500 | 41961<br>37500 | 0<br>22000 | 41961<br>15500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 147411 | 2222500 | 2369911 | 2166351 | 203560 |
| | ജില്ലാ പഞ്ചായത്ത് | 225000 | 1757500 | 1982500 | 962500 | 1020000 |
| ജനറൽ പർപ്പസ് ഫണ്ട്(*) | | | 7701876 | | | |
| തനത് ഫണ്ട്(*) | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | -- | -- | -- | -- | -- |
| മറ്റിനം-ഗുണഭോക്തൃവിഹിതം | | 47597 | 46040 | 93637 | 4932 | 1425 |

**(*) പ്രത്യേകം എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് ,ട്രഷറി ഫണ്ടു തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല**

## 1-6 <u>പദ്ധതി അവലോകനം</u>

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 186 | 82928976 | 150 | 30597284 | 65 | 36 | 85 | 45.7 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

താഴെ പറയുന്ന പദ്ധതികൾ വിവിധ കാരണങ്ങളാൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പകരം പുതിയ പദ്ധതികൾ നടപ്പാക്കി.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഉപേക്ഷിക്കാൻ കാരണം |
|---|---|---|---|
| 1 | 122 | തെരുവ് വിളക്ക് സ്ഥാപിക്കൽ(എസ് ടി) | സോഷ്യൽമാപ്പ് ലഭ്യമാകാത്തതിനാൽ |
| 2 | 77 | മൃഗാശുപത്രിയിലേക്ക് ബില്ലിംഗ് മെഷീൻ വാങ്ങൽ | വകയിരുത്തിയ തുകയ്ക്ക് ക്വട്ടേഷൻ ലഭിച്ചിട്ടില്ല |
| 3 | 185 | ലാപ്പ് ടോപ്പ് വിതരണം(എസ് ടി) | ഗുണഭോക്താക്കളെ ലഭ്യമാകാത്തതിനാൽ |
| 4 | 192 | പെട്ടിക്കട തുടങ്ങുന്നതിന് ധനസഹായം | തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവ് മരണപ്പെട്ടതിനാൽ |
| 5 | 191 | സ്കൂളുകൾക്ക് ഫർണ്ണിച്ചർ , പാചകപ്പാത്രങ്ങൾ | അടുത്ത വർഷം രണ്ടു പ്രോജക്ടായി നടപ്പാക്കുന്നു |
| 6 | 85 | ഹോട്ടൽ യൂനിറ്റ് (വനിത) | വനിതാഗ്രൂപ്പ് ലഭ്യമാകാത്തതിനാൽ |
| 7 | 78 | തെരുവ് വിളക്ക് സൂപ്പർ വിഷൻ ചാർജ്ജ് കെ എസ് ഇ ബി ക്ക് അടക്കൽ | പ്രോജക്ടിൽ ആവശ്യമായ വിവരങ്ങൾ ഇല്ലാത്തതിനാൽ |
| 8 | 82 | ഓട്ടോറിക്ഷ വാങ്ങൾ വ്യക്തിഗതം (വനിതകൾക്ക്) | അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ |
| 9 | 104 | കുടുംബശ്രീ സംരംഭകത്വ പരിശീലനം | ഗുണഭോക്താക്കളില്ലാത്തതിനാൽ |
| 10 | 127 | ഇരുൾ മുട്ട് മുണ്ടപ്രം റോഡ് റീടാറിംഗ് | ടാറിംഗ് ചെയ്യാനുള്ള റോഡാണ് |
| 11 | 131 | പാണപ്പുഴ ഗോപാലൻ പീടിക കരിപൊയിൽ | മെറ്റലിംഗ് മാത്രമായി നടത്താൻ സാധിക്കില്ല |

| | | | |
|---|---|---|---|
| | | റോഡ് മെറ്റലിംഗ് | |
| 12 | 133 | പറവൂർ കോയിപ്ര റോഡിൽ കലുങ്ക് നിർമ്മാണം | പ്രോജക്റ്റ് നടപ്പാക്കുന്നതിന് പത്തു ലക്ഷം രൂപയെങ്കിലും ആവശ്യമായതിനാൽ |
| 13 | 146 | കിഴക്കേക്കര ൽ പി സ്കൂൾ മുട്ടിങ്ങച്ചാൽ റോഡ് തെക്ക് ഭാഗം ടാറിംഗ് | ലൈഫ് പദ്ധതിക്ക് തുക വകയിരുത്തേണ്ടതിനാൽ അടിയന്തിര പ്രാധാന്യമില്ല എന്നതു കൊണ്ട് ഒഴിവാക്കി |
| 14 | 169 | ആലക്കാട് പി എച്ച് സി ഏഴും വയൽ റോഡ് ടാറിംഗ്(എസ് സി കോളനിക്കകത്ത്) | റോഡ് റീടാറിംഗ് ചെയ്യേണ്ടതാണ് |
| 15 | 180 | ഔഷധ സസ്യ തോട്ടം | പദ്ധതി നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതിനാൽ |
| 16 | 181 | ഖരമാലിന്യ പരിപാലനം | ഹരിതകർമ്മസേന രൂപീകരിച്ചതിനാൽ |
| 17 | 193 | ബഡ്സ് റീ ഹാബിലിയേഷൻ സെന്റർ | ഭൌതിക സാഹചര്യമുള്ളകെട്ടിടം ഇല്ലാത്തതിനാൽ |
| 18 | 203 | പറവൂർ കാരക്കുണ്ട് പാലത്തിന് കൈവരി നിർമ്മാണം | ടെണ്ടർ റീടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ടെണ്ടർ സമർപ്പിച്ചില്ല |

നടപ്പാക്കാതെ ഉപേക്ഷിച്ച പദ്ധതികൾ ഉപേക്ഷിക്കാനുള്ള കാരണം പരിശോധിച്ചാൽ ചുരുക്കം ചില പ്രോജക്ടുകളിലൊഴികെ ആവശ്യമായ വിശദാംശങ്ങൾ ശേഖരിക്കാതെയും ഗുണഭോക്താക്കളുടെ ആവശ്യകത പരിഗണിക്കാതെയുമാണ് പദ്ധതികൾ തയ്യാറാക്കിയതെന്ന് വ്യക്തമാകും. ഗ്രാമപഞ്ചായത്തിന്റെ ആവശ്യകത പരിഗണിച്ച കൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതിലേക്ക് വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭരണ സമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 5202627 | 5173211 |
| വെറ്ററിനറി സർജൻ | 5 | 4 | 2740000 | 2636250 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1110000 | 1110000 |
| മെഡിക്കൽ ഓഫീസർ- പി എച്ച് സി | 5 | 5 | 1725000 | 1425578 |
| ,, ഹോമിയോ | 1 | 1 | 100000 | 100000 |
| വി ഇ ഒ | 12 | 10 | 4783900 | 2073289 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 | 4 | 5091440 | 3230538 |
| സെക്രട്ടറി | 16 | 15 | 5378122 | 3302796 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 6 | 1937200 | 1246637 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 114 | 88 | 53075687 | 28815845 |
| ഹെഡ് മാസ്റ്റർ | 10 | 9 | 1785000 | 1483140 |
| ആകെ | 186 | 150 | 82928976 | 50597284 |

(സുലേഖ ചെലവു സ്റ്റേറ്റ്മെന്റ് അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

വർക്കിംഗ് ഗ്രൂപ്പുകൾ

മിനുട്സ് കൃത്യമായി രേഖപ്പെടുത്താത്തതിനാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. പദ്ധതി ആസൂത്രണ ഘട്ടത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്.2017-18 പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.സ്) നം.72/2017തസ്വഭവ 29-03-2017 ലെ 14-6 പ്രകാരം പദ്ധതികളുടെ രൂപീകരണത്തിന് ശേഷം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. പ്രൊജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രൊജക്ടിന്റെ ഭൗതീക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ മിക്കവർക്കിംഗ് ഗ്രൂപ്പുകളിലും ഇത്തരത്തിലുള്ള വിലയിരുത്തലുകൾ ഉണ്ടാകുന്നില്ല. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടേയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ആസൂത്രണ സമിതി

ആസൂത്രണ സമിതി യോഗ മിനുട്സ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആസൂത്രണ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം സാധ്യമായിട്ടില്ല. യോഗമിനുട്സ് കൃത്യമായി രേഖപ്പെടുത്തേണ്ടതിലേക്കും നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതിലേക്കും ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു

ഗ്രാമസഭ

ഗ്രാമസഭകളിൽ പ്രോജക്ട് രൂപീകരണം സംബന്ധിച്ച ചർച്ചകൾ നടക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിനു ശേഷമുള്ള വിലയിരുത്തൽ നടക്കുന്നില്ല. സാമ്പത്തിക വർഷത്തെ ഒന്നാമത്തെ ഗ്രാമസഭയിൽ വാർഷിക റിപ്പോർട്ട് വയ്ക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(എ)(2) പ്രകാരം ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കിയതോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അതിന്റെ സാധന സാമഗ്രികളുടെ ചെലവ് വിശദാംശങ്ങൾ എന്നിവ ഗ്രാമസഭയിൽ അറിയിക്കേണ്ടതാണെങ്കിലും ആയത് ചെയ്തിട്ടില്ല. കൂടാതെ 1997 ലെ കേരള പഞ്ചായത്ത് രാജ് ( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ ചട്ടം 6 പ്രകാരം ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് അനുസരിച്ചുള്ള പ്രവൃത്തിയുടെ വിശദാംശങ്ങൾ(എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ച സാധനസാമഗ്രികളുടെ അളവ്, അവയുടെ വിലയും ഗുണനിലവാരവും കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം അതിനുള്ള കൂലി, മതിപ്പ ചെലവ് എന്നിവയടങ്ങിയ കുറിപ്പ്) പ്രാദേശിക ഭാഷയിൽ പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ തയ്യാറാക്കി എസ്റ്റിമേറ്റിന്റെ ഭാഗമായി ചേർത്തിരിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ വിവരം ഗ്രാമസഭയിൽ അവതരിപ്പിക്കാനും പണിസ്ഥലത്ത് പ്രദർശിപ്പിക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്

ക്ഷേമപെൻഷൻ സംബന്ധിച്ച വിവരങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിക്കപ്പെടുന്നില്ല. അനർഹരായ ഗുണഭോക്താക്കളുടെയും മരണപ്പെട്ട ഗുണഭോക്താക്കളുടേയും വിവരങ്ങൾ ശേഖരിക്കുന്നതിന് ഗ്രാമസഭകളുടെ ഇടപെടൽ കൂടുതൽ ഫലപ്രദമായിരിക്കും. ക്ഷേമപെൻഷൻ പുതുതായി അനുവദിക്കപ്പെടുന്നവരുടെ വിവരങ്ങളും ഗ്രാമസഭകളിൽ അവതരിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.(കേരള പഞ്ചായത്ത് രാജ് നിയമം ,വകുപ്പ് 3എ(1)(ജെ)

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മേറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട പരിശോധന കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതായി മിനുട്സ് പരിശോധനയിൽ വ്യക്തമായി. മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികളുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ടാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതിയും വിലയിരുത്തിയിട്ടുണ്ട്.

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പ്രധാനമായും സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധപ്പെട്ട ചർച്ചകളും തീരുമാനങ്ങളുമാണ് വന്നിട്ടുള്ളത്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയും അതാത് മേഖലകളിലുള്ള പദ്ധതി നിർവ്വഹണം സംബന്ധിച്ച കാര്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. പദ്ധതികൾ വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ മിനുട്സുകളിൽ രേഖപ്പെടുത്തിക്കാണുന്നില്ല എന്നത് പോരായ്മയാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തലുകളും സ്റ്റാൻഡിംഗ് കമ്മറ്റികളിൽ ഉണ്ടാകേണ്ടതുണ്ട്

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 49832 | 478308 | 528140 | 484058+<br>38500(refund) | 5582 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -- | 7297692 | 7297692 | 7297692 | -- |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44280 | 83 |
| കർഷകതൊഴിലാളി പെൻഷൻ | 8190700 | 611 |
| വിധവാപെൻഷൻ | 9633900 | 787 |
| വാർദ്ധക്യകാലപെൻഷൻ | 19002500 | 1403 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 3661100 | 301 |
| 50 വയസിനു മുകളിലുള്ള അവിവാഹിത കൾക്കുള്ള പെൻഷൻ | 616300 | 51 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23503 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ വഴി ജീവനക്കാരുടെ ചുമതലാ വിഭജനം കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. പ്രതിമാസ മീറ്റിംഗുകൾ ചേർന്ന് ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്.

വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കാത്തതും അടുത്ത വർഷത്തേക്കുള്ള സ്റ്റോക്ക് ആവശ്യകത കണക്കാക്കുന്നതിന് മുൻവർഷങ്ങളിലെ ഉപയോഗത്തിനനുസരിച്ചുള്ള കണക്ക് തയ്യാറാക്കുന്നതിനുള്ള നടപടികളുണ്ടാകാത്തതും അപാകമാണ്.

ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ഉണ്ടാകാത്തത് വീഴ്ച്ചയാണ്. ഐസിഡിപി സബ്സെന്ററുകളിലേയും മറ്റും ഉദ്യോഗസ്ഥ വിന്യാസവും ചുമതലാ വിഭജനവും സ്റ്റാന്റിംഗ് കമ്മറ്റി പരിശോധനാ വിധേയമാക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമുണ്ട്. ആശുപത്രികളിലെ മരുന്നു വാങ്ങലുമായി ബന്ധപ്പെട്ട സർപ്രൈസ് ചെക്കിംഗ് നടത്തുന്നത് മരുന്നുകളുടെ സ്റ്റോക്ക്, വിതരണ മേഖലകളിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകും . ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മറ്റികൾക്ക് ഇക്കാര്യത്തിൽ കാര്യമായ പങ്കു വഹിക്കാനുണ്ട്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പരിഷ്ക്കരണം സംബന്ധിച്ച ടെസ്റ്റ് ചെക്കിംഗ് നടത്തി അപാകങ്ങൾ കണ്ടെത്തുന്ന പക്ഷം പരിഷ്ക്കരണം സംബന്ധിച്ച വിശദമായ പരിശോധന നടത്താൻ നിർദ്ദേശം നൽകേണ്ടതുമാണ്. നിലം നികത്തി അനധികൃത നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട സംഗതികളിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.08.18 ,30.08.18 | 6/18,7/18 | 04.09.18 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.08.2016 | 1997-98 മുതൽ 2005-06 വരെ | വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3-ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകങ്ങളിൽ പരിഹരിക്കാത്തവയും വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങളും ചുവടെ കൊടുക്കുന്നു.

1.ബാലൻസ് ഷീറ്റ് ബി 1 ഷെഡ്യൂളിനാസ്പദമാക്കിയ സ്റ്റേറ്റ്മെന്റിൽ പഞ്ചായത്ത് ഫണ്ട് ജനറൽ മുന്നിരിപ്പ് തുകയും 2016-17 ലെ നീക്കിയിരിപ്പ് തുകയും തമ്മിൽ 71147 രൂപയുടെ വ്യത്യാസമുണ്ട്. ആയത് 31.12.2008തീയതിയിൽ വാങ്ങിയ പഞ്ചായത്ത് വാഹനം അന്നത്തെ ആസ്തിയിൽ ഉൾപ്പെടുത്താൻ വിട്ടുപോയത് , 85% ഡിപ്രീസിയേഷൻ കഴിച്ചുള്ള തുക (474318രൂപയുടെ 15%) 01.04.17 ന് ജേണൽ എൻട്രി ചെയ്ത് ഉൾപ്പെടുത്തിയതാണെന്ന് അറിയിച്ചിട്ടുണ്ട്.മുന്നിരിപ്പിൽ വ്യത്യാസം വന്നതിന് കുറിപ്പുകൾ രേഖപ്പെടുത്തേണ്ടതാണ്

2.സംയുക്ത പദ്ധതികൾക്കായുള്ള ട്രഷറി അക്കൌണ്ടിലെ വർഷാവസാന ബാലൻസ് (-)254719രൂപയാണ്. 28.03.18 ന് സർക്കാരിലേക്ക് 1500484രൂപ തിരിച്ചു പിടിച്ചപ്പോൾ അസി. എഞ്ചിനീയർക്ക് നല്കിയിരുന്ന 421440രൂപയുടെ ചെക്ക് മാറാൻ കഴിയാതെ വരികയും (റിഡംഷന ശേഷം ബാലൻസ് 166721 രൂപ മാത്രമായിരുന്നു) ബാങ്ക് ബുക്കിൽ നീക്കിയിരിപ്പായി മൈനസ് തുക വരികയും ചെയ്തതാണെന്ന് അറിയിച്ചിട്ടുണ്ട്.

3.ഡി & ഒ ലൈസൻസ് ഫീസ് അഡ്വാൻസ് കലക്ഷനായി 2016-17 ബി 9 ഷെഡ്യൂളിൽ കാണിച്ച തുക 39250രൂപയായിരുന്നു. തൻവർഷ കലക്ഷൻ 51200രൂപയും അഡ്വാൻസ് കലക്ഷൻ 83000രൂപയുമാണ്. രജിസ്റ്റർ പ്രകാരം തൻവർഷത്തേക്കുള്ള ഡിമാന്റും കലക്ഷനും 80350രൂപയാണ്. 2017-18 ലെ ബി 9 ൽ അഡ്വാൻസ് കലക്ഷൻ 83000രൂപ. 51200+39250+83000-80350=93100രൂപ. ബി 9 ലെ വ്യത്യാസം 10100രൂപ . ഇത് ഇൻസ്റ്റലേഷൻ ഫീസിനത്തിലുള്ളതായിരുന്നു എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഇനത്തിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 2017-18 ലെ വരവ് 7820250രൂപയാണ്. I_6ഷെഡ്യൂളിൽ വരവായി കാണിച്ചത് 7781750രൂപ. വ്യത്യാസം 38500രൂപ. ആയത് ബാലൻസ് തുക സർക്കാരിലേക്ക് തിരിച്ചടച്ചത് വരവിൽ നിന്ന് കുറവു ചെയ്തതായി കാണിച്ചതാണെന്ന് അറിയിച്ചിട്ടുണ്ട്.

5.ബാലൻസ് ഷീറ്റിലെ ബി11 ഷെഡ്യൂളിലെ ആസ്തി സംബന്ധിച്ച പരിശോധനക്ക് ആവശ്യമായ ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6.വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

7.B-9ഷെഡ്യൂൾ പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ പേയബിൾ 54664രൂപയാണ്. ഏപ്രിൽ മാസം ഒടുക്കിയ തുക 51270 രൂപ. 3394രൂപ അടവാക്കിയിട്ടില്ല

8. 2012-13 സാമ്പത്തിക വർഷം പുത്തൂർ കുന്ന് കുടിവെള്ള പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്ത 4,35,000രൂപയും ഏഴോം വയൽ കുടിവെള്ള പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്ത 4,08,197രൂപയും കേരള വാട്ടർ അതോറിറ്റി നാളിതു വരെ വിനിയോഗിച്ചിട്ടില്ല. പ്രസ്തുത പ്രദേശങ്ങളിൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കിയതിനാൽ പദ്ധതി ഉപേക്ഷിച്ചതായും തുക ഗ്രാമപഞ്ചായത്തിന് തിരിച്ചു നല്കണമെന്നും വാട്ടർ അതോറിറ്റിയോട് അപേക്ഷിച്ചെങ്കിലും തുക തിരികെ നല്കാത്തതിനാൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രിക്കും പ്രിൻസിപ്പൽ സെക്രട്ടറിക്കും അപേക്ഷ നല്കാൻ ( 05.08.17 ലെ 11/17തീരുമാനം) ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്.പ്രസ്തുത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല .ഇതു സംബന്ധിച്ച വിശദമായ പരിശോധന നടത്തി വിഷയം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി

9.സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ 270000രൂപ ചെലവു ചെയ്തിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ I_6, RP-7 ഷെഡ്യൂളുകളിൽ 150000രൂപയാണ് വരവു കാണിച്ചത്. RP-19,I-14(d) ൽ ചെലവു കാണിച്ചതും 150000രൂപയാണ്. ആകെ വരവിലും ആകെ ചെലവിലും 120000രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

10. വസ്തു നികുതി കുടിശിക ഡിമാന്റിൽ നിന്ന് തൻവർഷത്തെ കുടിശിക കലക്ഷൻ കുറവു ചെയ്താൽ ബാലൻസ് ഷീറ്റ് ബി 15ഷെഡ്യൂളിലെ തുക ലഭിക്കുന്നില്ല. ജനറൽ ലഡ്ജർ ട്രയൽ ബാലൻസിൽ ട്രാൻസാക്ഷൻ ഫോർ ദ ഇയർ ആയി വ്യത്യാസം വരുന്ന തുക അഡ് ജസ്റ്റ് ചെയ്താണ് കുടിശിക തുക കുറവു ചെയ്തത്. തുക ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. സഞ്ചയയിലെ കണക്കുകളുമായി പൊരുത്തപ്പെടുത്താൻ ജേണൽ എൻട്രി ചെയ്തതാണെന്നാണ് ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/31.10.18 ന് മറുപടി നല്കിയത്.

11.ഓഡിറ്റ് വർഷം അംഗനവാടി കുടിവെള്ള കണക്ഷനായി ഡെപ്പോസിറ്റ് ചെയ്ത 225000രൂപയും കുടിവെള്ള കണക്ഷന വേണ്ടി അസിസ്റ്റന്റ് സെക്രട്ടറി ഡെപ്പോസിറ്റ് ചെയ്ത 25000രൂപയും പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ ചെലവിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതായിരുന്നു. പ്രസ്തുത തുക ബാലൻസ് ഷീറ്റ് ബി 18 ൽ ഉൾപ്പെടുത്താതെ ചെലവിൽ ചേർത്തത് ശരിയല്ല.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി പുനർ നിർണ്ണയം - വാർഷിക കണക്കിൽ നിന്ന് കുടിശിക ഒഴിവാക്കിയതും മറ്റ് അപാകങ്ങളും

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.09.2011 ലെ 70/11 തീരുമാന പ്രകാരം ആശുപത്രികളിൽ നിന്ന് ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി 3രൂപയായി നിശ്ചയിക്കുകയും അതുപ്രകാരം പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി കോംപ്ലക്സ്, ഹൃദയാലയ തുടങ്ങി ചില കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ചപ്പോൾ നികുതിയിൽ ഗണ്യമായ കുറവു വരുന്നതായി ശ്രദ്ധയിൽ പെടുകയും 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ , ചട്ടം 3 ഖണ്ഡിക 3 പ്രകാരം നിലവിലുള്ള നികുതി കുറവു ചെയ്യാൻ സർക്കാർ ഈ ആവശ്യത്തിന് നിശ്ചയിച്ച ഉദ്യോഗസ്ഥന്റെ അനുമതി ആവശ്യമാണെന്ന വ്യവസ്ഥ പ്രകാരം സർക്കാരിലേക്ക് അടിസ്ഥാന നികുതി 8 രൂപയായി നിശ്ചയിക്കാൻ അനുമതിക്കായി അപേക്ഷിക്കാൻ 15.01.18 ലെ 6/6(1) തീരുമാന പ്രകാരം ഭരണ സമിതി തീരുമാനമെടുക്കുകയും ചെയ്തു. വസ്തുനികുതി ഗണ്യമായി കുറയുന്നതിനാൽ ഇതു സംബന്ധിച്ച സർക്കാർ തീരുമാനം വരുന്നതു വരെ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി സഞ്ചയയിൽ അംഗീകരിക്കേണ്ടതില്ലെന്ന് നിശ്ചയിക്കുകയും ആയവ ഒഴികെയുള്ള നികുതി ഡിമാന്റ് സഞ്ചയയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

പരിയാരം മെഡിക്കൽ കോളജ് 2014-15 വർഷം വരെ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം നികുതി ഒടുക്കിയിരുന്നു. 2015-16 ൽ നികുതി പരിഷ്കരണത്തെ തുടർന്നുള്ള കുറവ് ലഭിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽ പെടുകയും ഡിമാന്റ് ചെയ്ത 1074735 രൂപ ഒടുക്കാൻ കഴിയില്ലെന്ന കാരണത്താൽ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. മൂന്ന് രൂപ നിരക്കിൽ നികുതി നിശ്ചയിക്കുന്ന പക്ഷം നികുതി ഇതിന്റെ പകുതിയോളമായി കുറയുമെന്ന സാഹചര്യത്തിലാണ് മെഡിക്കൽ കോളേജ് കേസ് ഫയൽ ചെയ്തത്.

സഞ്ചയയുമായി പൊരുത്തപ്പെടുത്തുന്നതിനായി ഓഡിറ്റ് വർഷം ജേണൽ എൻട്രി ചെയ്ത് കുടിശിക തുകയിൽ മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി പുനർ നിർണ്ണയം സംബന്ധിച്ച ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ലാത്തതിനാൽ സഞ്ചയയിലെ രേഖപ്പെടുത്തലുകൾ എത്രമാത്രം വിശ്വസനീയമാണെന്ന് ഉറപ്പു വരുത്താൻ കഴിയാത്ത സാഹചര്യത്തിൽ സാംഖ്യ- സഞ്ചയ കണക്കുകൾ ഈ രീതിയിൽ പൊരുത്തപ്പെടുത്തിയത് ശരിയായ നടപടിയല്ല.

ജേണൽ എൻട്രി നടത്തി ഒഴിവാക്കിയ കുടിശിക സംബന്ധിച്ച വിശദമായ പത്രിക പരിശോധനക്കായി ഹാജരാക്കേണ്ടതും ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാതെയും മുഴുവൻ കെട്ടിടങ്ങളുടേയും നികുതി ഉൾപ്പെടുത്താതെയും കണക്കുകൾ സഞ്ചയയുമായി പൊരുത്തപ്പെടുത്തിയതിന് തൃപ്തികരമായ വിശദീകരണം നല്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 18/17-18 31.10.18 ന് നല്കിയ മറുപടി തൃപ്തികരമല്ല.)

### 2-2 വാർഡ് തല ഡെയ്ഡേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് നാളിതു വരെയായി വാർഡുതല ടെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇക്കാര്യം എക്സിറ്റ് കോൺഫറൻസിൽ ശ്രദ്ധയിൽ പെടുത്തിയപ്പോൾ ആയത് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നതിനും ഡി&ഒ ലൈസൻസ് ഫീസ്, തൊഴിൽനികുതി തുടങ്ങി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടുന്ന വരുമാനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനും ഇത്തരത്തിലുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടത് അനുപേക്ഷണീയമാണ്. ലൈവ് സ്റ്റോക്ക് ഫാമുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററും അടിയന്തിരമായി തയ്യാറാക്കേണ്ടതുണ്ട്. ഫീൽഡ് സ്റ്റാഫിന്റെയും വാർഡ് മെമ്പർമാരുടേയും സഹകരണത്തോടെ മേൽപ്പറഞ്ഞ ഡാറ്റകൾ കൃത്യമായി ശേഖരിക്കേണ്ടതും അനധികൃതമായി വ്യാപാരസ്ഥാപനങ്ങളോ ഫാമുകളോ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി, ഇ (1) എന്നിവയിലെ വ്യവസ്ഥകളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## **2-3** കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിക്കാത്തത്-തുക തിരിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2012-13 സാമ്പത്തിക വർഷം പുത്തൂർ കുന്ന് കുടിവെള്ള പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്ത 4,35,000രൂപയും ഏഴോം വയൽ കുടിവെള്ള പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്ത 4,08,197രൂപയും കേരള വാട്ടർ അതോറിറ്റി നാളിതു വരെ വിനിയോഗിച്ചിട്ടില്ല. പ്രസ്തുത പ്രദേശങ്ങളിൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കിയതിനാൽ പദ്ധതി ഉപേക്ഷിച്ചതായും തുക ഗ്രാമപഞ്ചായത്തിന് തിരിച്ചു നല്കണമെന്നും വാട്ടർ അതോറിറ്റിയോട് അപേക്ഷിച്ചെങ്കിലും തുക തിരികെ നല്കാത്തതിനാൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രിക്കും പ്രിൻസിപ്പൽ സെക്രട്ടറിക്കും അപേക്ഷ നല്കാൻ ( 05.08.17 ലെ 11/17തീരുമാനം) ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്.പ്രസ്തുത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല . പദ്ധതി ഗ്രാമപഞ്ചായത്ത് ഉപേക്ഷിച്ച സാഹചര്യത്തിൽ ഒടുക്കിയ തുക പലിശ സഹിതം തിരികെ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 1/17-18 27.10.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയപ്പോൾ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച ഫയൽ പരിശോധിച്ച് നിജസ്ഥിതി ഉറപ്പു വരുത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടിവെള്ള കരം- കുടിശിക വരുത്തിയതിനാൽ പിഴ അടവാക്കേണ്ടി വന്നത്- നഷ്ടം ഈടാക്കേണ്ടതാണ്

വൌച്ചർ നമ്പർ 21700314/09.08.2017 ₹185836

നിർവ്വഹണം-ഗ്രാമ പഞ്ചായത്ത സെക്രട്ടറി

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് നമ്പർ 18556/06.07.17 പ്രകാരം കുടിശികയും പിഴയും ഉൾപ്പെടെ 185836രൂപ മേൽവൌച്ചർ പ്രകാരം ഒടുക്കിയിട്ടുണ്ട്. ഇതിൽ 30.06.17 വരെയുള്ള നീക്കിബാക്കി 174705രൂപയും പിഴ 3418രൂപയും ജൂലൈ മാസത്തെ ഡിമാന്റ് 8313രൂപയുമാണ്. ജോയിന്റ് ഇൻസ്പെക്ഷൻ നടന്നിട്ടില്ലാത്തതിനാലും ഗ്രാമപഞ്ചായത് പരിധിയിൽ പ്രവർത്തന ക്ഷമമായ പൊതു ടാപ്പുകൾ എത്രയെണ്ണമുണ്ടെന്ന കണക്കുകൾ ലഭ്യമാകാത്തതിനാലും സെക്രട്ടറി ഇക്കാര്യം ഭരണ സമിതിയുടെ മുമ്പാകെ വയ്ക്കുകയും ഭരണ സമിതി പ്രവർത്തനക്ഷമമായ ടാപ്പുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഒരു കമ്മറ്റിയെ നിശ്ചയിക്കുകയും ചെയ്തതായി ഭരണ സമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മറ്റി റിപ്പോർട്ട് സമർപ്പിക്കാത്തതിനാൽ മേൽപ്പറഞ്ഞ പ്രകാരമുള്ള തുക നല്കുന്നതിന് ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയായിരുന്നു.മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1. ബില്ല് ഒടുക്കിയ ശേഷം തുടർ നടപടികൾ സ്വീകരിച്ചിരുന്നു എങ്കിൽ തുടർന്നുള്ള പിഴ ഒഴിവാക്കാമായിരുന്നു

2. ഏതു മാസം വരെയുള്ള വെള്ളക്കരം കൃത്യമായി ഒടുക്കിയിരുന്നു എന്നതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല

3. സംയുക്ത പരിശോധന നടത്തിയിട്ടില്ല. പത്തൊമ്പതെണ്ണവും പ്രവർത്തിക്കുന്നുണ്ട് എന്ന് ബോധ്യപ്പെട്ടതിനാലാണ് സംയുക്ത പരിശോധന നടത്താതിരുന്നത് എന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്

4.ഭരണ സമിതി ചുമതലപ്പെടുത്തിയ സമിതി ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല

ഏത് കാലയളവു മുതലാണ് വെള്ളക്കരം ഈടാക്കുന്നതിന് നോട്ടീസ് നല്കിയതെന്ന് വ്യക്തമല്ലാത്തതിനാൽ പിഴയിനത്തിൽ എത്ര തുക ഒടുക്കു വരുത്തിയിട്ടുണ്ടെന്ന് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ /17-18 30.10.18 ന് നല്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ ജലാശയം ജലസ്രോതസ്സായി ഉപയോഗിക്കാൻ അനുവദിച്ചപ്പോൾ ഇത്രയും ടാപ്പുകളിൽ സൗജന്യമായി വെള്ളം നല്കാമെന്ന് വാക്കാൽ ഉറപ്പു നല്കിയിരുന്നതിനാലാണ് വെള്ളക്കരം ഒടുക്കുന്നതിൽ വീഴ്ച്ച വരുത്തിയതെന്ന് സെക്രട്ടറി മറുപടി നല്കുകയുണ്ടായി. എക്സിറ്റ് മീറ്റിംഗിലും ഈ മറുപടി ശരിവച്ചിട്ടുണ്ട്. വാക്കാലുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സാധ്യമല്ലെന്നതിനാൽ മറുപടി തൃപ്തികരമല്ല. പിഴ ഒടുക്കേണ്ടുന്ന സാഹചര്യം സൃഷ്ടിച്ചവരിൽ നിന്നും ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം

ഈടാക്കേണ്ടതാണ്.

## 3-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

മഴക്കാല പൂർവ്വ ശുചീകരണം എന്ന പദ്ധതിക്കായി ശുചിത്വ മിഷൻ ഫണ്ട്/തനത് ഫണ്ട് എന്നിവ മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ആലക്കോട്, പി.എച്ച്.സി. കടന്നപ്പളി എന്നവർക്ക് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നം. | തുക | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | ഫണ്ടിനം | പദ്ധതി |
|---|---|---|---|---|
| 21700051 തീ.27.04.2017 | 90000 | മെഡിക്കൽ ഓഫീസർ,പിഎച്ച്സി, കടന്നപ്പള്ളി | ശുചിത്വ മിഷൻ ഫണ്ട് | മഴക്കാല പൂർവ്വശുചീകരണം |
| 21700052 തീ.27.04.2017 | 60000 | മെഡിക്കൽ ഓഫീസർ,പിഎച്ച്സി,ആലക്കാട് | ,, | ,, |
| 21700284 തീ.18.07.2017 | 75000 | 45000- മെഡിക്കൽഓഫീസർ,പിഎച്ച്സി, കടന്നപ്പള്ളി | ,, | ,, |
| | | 30000- മെഡിക്കൽഓഫീസർ,പിഎച്ച്സി, ആലക്കാട് | ,, | ,, |
| 21700285 തീ.18.07..2017 | 70102 | 42060- മെഡിക്കൽഓഫീസർ,പിഎച്ച്സി, കടന്നപ്പള്ളി | ,, | ,, |
| | | 28042- മെഡിക്കൽഓഫീസർ,പിഎച്ച്സി, ആലക്കാട് | ,, | ,, |
| 21700199 തീ.17.06.2017 | ₹10000 | മെഡിക്കൽ ഓഫീസർ , പിഎച്ച്സി ,കടന്നപ്പള്ളി | തനത് ഫണ്ട് | പൾസ് പോളിയോ കാംബൈൻ |

മഴക്കാല പൂർവ്വ ശുചീകരണത്തിന് നല്കിയ തുകയ്ക്ക് വാർഡ് കൺവീനർമാരിൽ നിന്നുള്ള ചുരുക്കം വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാരിൽ നിന്നും കൺസോളിഡേറ്റഡ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കേണ്ടതാണ് .

## 3-3 വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കൈമാറിയ തുക-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

താഴെ പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി

ഹാജരാക്കിയിട്ടില്ല

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് | കൈപ്പറ്റിയ സ്ഥാപനം/ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 211/18,എ ബി സി പദ്ധതിക്ക് പഞ്ചായത്ത് വിഹിതം | 100000രൂപ – വികസന ഫണ്ട് | 100000<br>(ബിൽനമ്പർ 20/17-18, 28.11.18) | ജില്ലാപഞ്ചായത്ത് ,കണ്ണൂർ | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 213/18,ഐകെഎംന് പ്രവർത്തന ഫണ്ട് വകയിരുത്തൽ | 57472-തനത് ഫണ്ട് | 57472<br>(NEFT-23.02.2018 IOB) | ഐ കെ എം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| എസ് എൽ ബി പി - | | 1/17-18 27.10.17 93750രൂപ<br>2/17-18 27.10.17 21500രൂപ | ഡെപ്യൂട്ടി ഡയറക്ടർ , എസ് എൽ ബി പി | വെറ്റിനറി സർജൻ |
| 111/18,ആശ്രയഗുണഭോക്താക്കൾക്ക് കുടിവെള്ള വിതരണം | 25000രൂപ | 25000രൂപ<br>(ബിൽ നമ്പർ 9/17-18 28.03.18) | വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ , തളിപ്പറമ്പ് | അസിസ്റ്റന്റ് സെക്രട്ടറി |
| അംഗനവാടികൾക്ക് | | 225000 | ,, | ഐസിഡിഎസ് |

| | | | | |
|---|---|---|---|---|
| കുടിവെള്ള കണക്ഷൻ | | | | എസ് സൂപ്പർ വൈസർ |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-4 വീട് വയറിംഗ്- രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണം-ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

| പ്രോജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 72/18,വീട് വയറിങ്ങ് | ₹25000 തനത് ഫണ്ട് | ₹ 5000<br>ചെക്ക്നമ്പർ 2491104തീയ്യതി: 06.07.2017 |

പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ.80/2017 തസ്വഭവ,തീയ്യതി.3.4.2017 ഖണ്ഡിക 8.6 (വീട്/ വീടി പുനരുദ്ധാരണം/വീട് വയറിങ്ങ് ) ക്രമ നമ്പർ 3 ൽ 3 മുതൽ 5 വരെയുള്ള നിബന്ധനകൾ പ്രകാരം കെ.എസ്.ഇ.ബി.-യിൽ ഡി.ഡി. അടച്ച് രശീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിങ്ങ് സാമഗ്രികൾ ഉപയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കിയ സാക്ഷ്യപത്രം ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടറെ കൊണ്ട് വയറിങ്ങ് ജോലി പൂർത്തീകരിച്ചത് എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയതിന് ശേഷമാണ് ധനസഹായം വിതരണം നടത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി തികച്ചും അർഹനായ ഗുണഭോക്താവിനാണ് ധനസഹായം നല്കിയതെന്നും നാട്ടുകാരുടെ സഹായത്തോടെയാണ് ഗുണഭോക്താവ് വയറിംഗ് പൂർത്തിയാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. കെഎസ്ഇ ബി യിൽ നിന്നുള്ള ക്യാഷ് ഡെപ്പോസിറ്റ് രസീറ്റ് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-5 വാഹന ഇൻഷുറൻസ് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്ന് പോളിസി എടുക്കുന്നില്ല

നിർവ്വഹണം-ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

വൗച്ചർ നം. :21700704 തീ.04.01.2018 ₹ 10923

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള KL.13.T.372 നമ്പർ ബൊലേറോ ജീപ്പിന്റെ ഇൻഷുറൻസ് ഒടുക്കുന്നത് സംബന്ധിച്ചുള്ള ഇടപാടുകൾ സംസ്ഥാന ഇൻഷുറൻസ് വകുപ്പിനെ ഏൽപ്പിക്കാതെ ന്യൂ ഇൻഡ്യ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് നടത്തിയിട്ടുള്ളത്. സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ ഇൻഷുറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് കേരള സർക്കാരിന്റെ 18.04.2000 ലെ

ജി.ഒ.(പി) നം. 819/2000 ഉത്തരവു പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത് വാഹനത്തിന്റെ ഇൻഷുറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷുറൻസ് വകുപ്പിനെ ഏൽപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതിക്ക് മരുന്നു വാങ്ങൽ - ചലഞ്ച് ഫണ്ട് വിനിയോഗിക്കാതെ വികസനഫണ്ട് വിനിയോഗിച്ചതും മറ്റ് അപാകങ്ങളും -25000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 175/18, ആശ്രയ മരുന്ന് വാങ്ങൽ | 25000രൂപ-ഫണ്ടിനം | 12/17-18<br>28.03.18<br>25000രൂപ |

a)പ്രോജക്ട് പ്രകാരം ആശ്രയ കുടുംബങ്ങൾ സന്ദർശിച്ച് അവർക്കാവശ്യമായ മരുന്നുകൾ നിശ്ചയിച്ച ശേഷമാണ് പർച്ചേസ് നടത്തേണ്ടത്. ആവശ്യകത നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

b)പെരിങ്ങോം സർവ്വീസ് സഹകരണ ബാങ്കിന്റെ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും താഴെ പറയുന്ന മരുന്നുകളാണ് വാങ്ങിയത്. മരുന്നുകൾ മസിൽ വീക്ക് നസ്, ന്യൂറോളജിക്കൽ പ്രശ്നങ്ങൾ തുടങ്ങിയവയ്ക്കാണ് ഉപയോഗിക്കുന്നതെന്നാണ് ഡോക്ടർ അറിയിച്ചത്.

| ഇനം | അളവ് | നിരക്ക് | തുക | ആകെ |
|---|---|---|---|---|
| Y-Plus Powder | 50 | 345 | 17250 | 26818രൂപ<br>ഡിസ്കൌണ്ട് (6.7%)<br>1818രൂപ<br>25000രൂപ |
| Y-Plus Syrup | 50 | 170 | 8500 | |
| Neurobion Forte Tab | 1228 | 0.87 | 1068 | |

മരുന്നുകളുടെ വിലയായി 25000രൂപ ബാങ്ക് ജീവനക്കാരനായ കെ പ്രമോദിന്റെ SBI ലെ 42402200044470 നമ്പർ അക്കൌണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. നീതി മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് പത്തുമുതൽ പതിനഞ്ച് വരെ ശതമാനം ഡിസ്കൌണ്ട് ലഭിക്കുമെന്നിരിക്കെ പദ്ധതിക്കായി വകയിരുത്തിയതിൽ പരിമിതപ്പെടുത്തുന്നതിനെന്നോണം 6.7% മാത്രമാണ് ഡിസ്കൌണ്ട് ലഭ്യമായത്. ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടുതൽ ഡിസ്കൗണ്ട് നൽകുന്ന നീതി സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കാത്തത് അപാകമാണ്.

c)മരുന്നുകളുടെ വിതരണസ്റ്റേറ്റ്മെന്റിൽ പ്രോട്ടീൻ പൌഡർ , സിറപ്പ് എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എല്ലാവർക്കും ഏതാണ്ട് ഒരേ രീതിയിലാണ് മരുന്നുകൾ വിതരണം ചെയ്തിട്ടുള്ളത്. ഗൃഹസന്ദർശനം നടത്തി മരുന്നുകളുടെ ആവശ്യകത നിർണ്ണയിച്ചതായി രേഖകളില്ല. എന്നാൽ ആവശ്യകത നിർണ്ണയിച്ചിരുന്നു എന്ന് എക്സിറ്റ് കോൺഫറൻസിൽ അറിയിക്കുകയുണ്ടായി. രേഖകൾ ഹാജരാക്കേണ്ടതാണ്.

d)ആശ്രയ ചലഞ്ച് ഫണ്ടിനത്തിൽ 31.03.17 ന് 12,41,612രൂപയും 31.03.18 ന് 12,44,294രൂപയും നീക്കിയിരിപ്പുണ്ടായിരിക്കെ മരുന്നു വാങ്ങുന്നതിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കാതെ വികസന ഫണ്ട് വിനിയോഗിച്ചത് ക്രമപ്രകാരമല്ല.സഉ(എം എസ്) നം 252/17/തസ്വഭവ /12.12.17 പ്രകാരം പുറപ്പെടുവിച്ച അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.1.7, 3.2.1.2, 3.2.2, 3.2.3 ഇവയിൽ ഫണ്ട് വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. പിഎച്ച്സിയിൽ മരുന്നു ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് മരുന്നു വാങ്ങാൻ അനുമതിയുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം Neurobion Forte Tab 1950 എണ്ണം നീക്കിയിരിപ്പുള്ളപ്പോഴാണ് പ്രസ്തുത പദ്ധതിക്കു വേണ്ടി അതേ ഗുളിക വീണ്ടും വാങ്ങിയിട്ടുള്ളത്.

കൂടാതെ , ചലഞ്ച് ഫണ്ട് നീക്കിയിരിപ്പില്ലെങ്കിൽ മാത്രം സംരക്ഷണ ഗ്രാന്റ് റോഡിതരത്തിൽ നിന്നും മരുന്നു വാങ്ങാനാണ് നിർദ്ദേശം.ചലഞ്ച് ഫണ്ട് ആവശ്യത്തിന് ഉണ്ടായിരിക്കുകയും തൻവർഷ ചെലവ് (ഭക്ഷണം) 58936രൂപ മാത്രമായിരിക്കുകയും ചെയ്കെ വികസന ഫണ്ട് ഈ ആവശ്യത്തിനായി വിനിയോഗിച്ചത് ശരിയായ നടപടിയല്ല.

മേൽക്കാരണങ്ങളാൽ 25000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

## 3-7 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നല്കൽ-വാറണ്ടി സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചിട്ടില്ല

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 80/18,എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നല്കൽ | 600000 (5,50,000 – എസ്.സി.പി. 50,000 – തനത്) | ബിൽ നമ്പർ7/17-18,15.03.18<br>550000<br>ചെക്ക് നമ്പർ 171833/31.03.18<br>17980 |

2017-18-ൽ അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. ബിരുദ ,ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന 20 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പുകൾ ഈ പദ്ധതിപ്രകാരം വിതരണം ചെയ്തിട്ടുണ്ട് . 19-10-2017 ലെ ടെണ്ടറിൽ 5 കമ്പനികൾ പങ്കെടുക്കുകയും ഇതിൽ ഒന്നിന് 25999 രൂപ ക്വാട്ട് ചെയ്ത ചിപ്പ്സെറ്റ് കമ്പ്യൂട്ടേഴ്സ്, പാലക്കടിന് വിതരണത്തിനുള്ള കരാർ നൽകുകയും ചെയ്തു. സ്ഥാപനംകമ്പ്യൂട്ടറുകൾക്ക് 5 വർഷത്തെ വാറൻറി ഓഫർ ചെയ്തിരുന്നതായി ഫയലിൽ കാണുന്നുണ്ടെങ്കിലും ഈ കാര്യം ഉൾപ്പെടുത്തി കരാറുടമ്പടി തയാറാക്കി ഒപ്പിട്ടിട്ടില്ല

2.സ്ഥാപനം കമ്പ്യൂട്ടറുകൾക്ക് 5 വർഷത്തെ വാറൻറി ഓഫർ ചെയ്തതിൻെറ രേഖകൾ ലഭിച്ചതിൻെറയും ഇവ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് കൈമാറിയതിൻെറയും വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

## 3-8 ആശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങൽ-വാങ്ങിയ സാധനങ്ങളുടെ സ്പെസിഫിക്കേഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 176/18, ആശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങൽ | 200000രൂപ | 8/17-18<br>06.03.18<br>176800രൂപ |

മേൽ പദ്ധതി പ്രകാരം വാങ്ങിയ മൂന്ന് കമ്പ്യൂട്ടറുകളും 3 പ്രിന്ററുകളും നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ളവയാണെന്ന ക്ഷമതയുള്ള അധികാരസ്ഥാനത്തു നിന്നുള്ള സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ മറുപടി നല്കിയിട്ടുണ്ട്.

## 3-9 വനിതകൾക്ക് യോഗ പരിശീലനം-പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിർവ്വഹണം നടത്തിയതും മറ്റ് അപാകങ്ങളും - 108000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 101/18,യോഗപരിശീലനം വനിതകൾക്ക് | 200000(വികസന ഫണ്ട് - ജനറൽ) | 1,68,000രൂപ<br>(ബിൽ നമ്പർ - 7/17-18,31.03.18) |

തെരഞ്ഞെടുത്ത നാല് കേന്ദ്രങ്ങളിലായി ഓരോ കേന്ദ്രത്തിലും 50വനിതകൾക്ക് ഒരു ദിവസം 3മണിക്കൂർ എന്നകണക്കിൽ ആകെ 15 ദിവസം ഒരു സെന്ററിൽ നാല് ബാച്ച് വച്ച് ആകെ പതിനാറ് ബാച്ചുകളിലായി 400വനിതകൾക്ക് യോഗ പരിശീലനം നല്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. യോഗ പരിശീലനത്തിൽ ഡിപ്ലോമയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചാണ് പരിശീലകരെ തെരഞ്ഞെടുത്തത്.

പ്രോജക്ട് പ്രകാരം പരിശീലകർക്ക് ദിവസം 700രൂപ നിരക്കിൽ 240 ദിവസത്തേക്ക് (16 ബാച്ച് x15 ദിവസം= 240ദിവസം) 168000രൂപയും ഹാൾ വാടകയിനത്തിൽ 32000രൂപയുമാണ് വകയിരുത്തിയത്. പദ്ധതി നിർവ്വഹണത്തിൽ വന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.) പ്രോജക്ടിൽ നിർദ്ദേശിച്ച പ്രതിഫലം 700രൂപയാണെങ്കിലും സഉ(സാധാ) 3190/ 17/ LSGD : 03.10.17 പ്രകാരം സർക്കാർ നിശ്ചയിച്ച പ്രതിഫലം ഒരു ദിവസത്തേക്ക് 400രൂപയാണ്. എന്നാൽ ഉത്തരവ് വന്ന ശേഷം ഈ രീതിയിൽ പദ്ധതി ഭേദഗതി ചെയ്തിട്ടില്ല. പദ്ധതിയിൽ നിർദ്ദേശിച്ച പ്രകാരമുള്ള ചെലവുകൾ നടത്താൻ 240X400+32000=96000+32000=128000രൂപ മതിയാകുമെങ്കിലും പദ്ധതിയിൽ വ്യത്യാസം വരുത്താത്തത് അപാകമാണ്.

2.) ഒരാൾക്ക് പ്രതിദിനം മൂന്ന് മണിക്കൂർ വീതം 15 ദിവസത്തെ പരിശീലനം നല്കാനാണ് പദ്ധതി നിർദ്ദേശമെങ്കിലും 40 മുതൽ 60 ദിവസം വരെ പരിശീലനം നല്കിയതായി ഹാജർപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 7 കേന്ദ്രങ്ങളിൽ വച്ച് 60 ദിവസത്തെ പരിശീലനം നല്കിയതായി രേഖപ്പെടുത്തി 168000രൂപ പരിശീലകർക്ക് പ്രതിഫലം നല്കിയിട്ടുണ്ട്. എന്നാൽ ഹാജർ പുസ്തകങ്ങൾ പ്രകാരം ഇത്രയും ദിവസത്തെ പരിശീലനം നല്കിയിട്ടില്ല.

3.) ഗ്രാമസഭകൾ വഴി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം 259 ഉം പരിശീലനം നേടിയ ഗുണഭോക്താക്കളുടെ എണ്ണം 244 (പരമാവധി) ഉം ആണ്. നാന്നൂറു പേർക്ക് നാല് സെന്ററുകളാണ് നിശ്ചയിച്ചിരുന്നത്. ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞതിനനുസരിച്ച് സെന്ററുകൾ പുനഃക്രമീകരിച്ചിട്ടില്ല. 25 പേരുടെ ബാച്ചായി തിരിച്ച് ഓരോരുത്തരും ഹാജരാകേണ്ട സെന്റർ തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. അതിനു പകരം ചില സെന്ററുകളിൽ കൂടുതൽ പരിശീലനാർത്ഥികളും ചിലയിടത്ത് വളരെ കുറവ് പരിശീലനാർത്ഥികളും വരുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. കൃത്യമായ ആസൂത്രണത്തിന്റെ അഭാവത്താലും പദ്ധതി നിർദ്ദേശങ്ങൾ പരിശോധിക്കാതെ ക്ലാസുകൾ സംഘടിപ്പിച്ചതിനാലുമാണ് അധികച്ചെലവ് നടത്തേണ്ടുന്ന സാഹചര്യം ഉണ്ടായതെന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

4.) തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളാണ് ക്യാമ്പുകളിൽ പങ്കെടുത്തതെന്ന് ഉറപ്പു വരുത്തിയിട്ടില്ല. വാർഡ് തിരിച്ചുള്ള ലിസ്ററിന്റെ അടിസ്ഥാനത്തിൽ ഹാജർ പട്ടിക തയ്യാറാക്കി ഓരോ സെന്ററുകളിലും കൃത്യമായി ഹാജർ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിരുന്നുവെങ്കിൽ ഈ അപാകം ഒഴിവാക്കാമായിരുന്നു

5.)ഹാജർ പട്ടികകളിൽ ഏത് സെന്ററിന്റെതാണെന്നോ എത്രമണിക്കൂർ വീതം പരിശീലനം നല്കിയിട്ടുണ്ടെന്നോ രേഖപ്പെടുത്തിയിട്ടില്ല. പരിശീലകർ ഹാജർ രേഖപ്പെടുത്തിയിട്ടില്ല.

6.)244 പേരെ 25 പേരടങ്ങുന്ന പത്ത് ബാച്ചുകളായി തിരിച്ച് പരിശീലനം നല്കിയിരുന്നു എങ്കിൽ പത്തു ബാച്ചുകൾക്ക് പതിനഞ്ചു ദിവസത്തേക്ക് വരുന്ന ചെലവ് 60000രൂപ മാത്രമാണ് (10x15x400 = 60000). പദ്ധതി നിർദ്ദേശത്തിന് വിരുദ്ധമായി അറുപത് ദിവസം വരെ ക്യാമ്പുകൾ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർദ്ദേശപ്രകാരമല്ലാതെ അഞ്ച് പരിശീലകർക്കായി 7 ക്യാമ്പുകൾ നടത്തിയതിന് 420 ദിവസത്തേക്ക് 1,68,000രൂപ പ്രതിഫലം നല്കിയത് ശരിയായ നടപടിയല്ല (7x6x400). ഇതിൽ രണ്ടു പേർക്ക് പ്രതിദിനം 400 രൂപ എന്ന പരിധിയിൽ അധികരിച്ച് 800രൂപ നിരക്കിൽ, രണ്ടു ക്ലാസുകൾ കൈകാര്യം ചെയ്തതായി കാരണം രേഖപ്പെടുത്തി പ്രതിഫലം നല്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം

പരിഗണിക്കുമ്പോൾ ഒരു പരിശീലകൻ രണ്ട് ക്ലാസ് കൈകാര്യം ചെയ്യേണ്ട സാഹചര്യം ഇല്ല.
7.)ആയുഷുമായി സഹകരിച്ചു കൊണ്ടല്ല പദ്ധതി നടപ്പാക്കിയത്. ആയുർവ്വേദ മെഡിക്കൽ ഓഫീസർ ഒരു ഘട്ടത്തിലും പദ്ധതിയുടെ ഭാഗമായിട്ടില്ല.
8.)മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ഇക്കാര്യം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ വളരെ വിജയകരമായി നടന്ന പദ്ധതിയാണെന്നും അഞ്ഞൂറോളം പേർ പങ്കെടുത്തുവെന്നും പ്രസിഡണ്ട് അറിയിക്കുകയുണ്ടായി. പ്രതിഫലം 700 രൂപ നിശ്ചിയിച്ച്, വകയിരുത്തിയ തുക ചെലവാക്കുന്ന രീതിയിൽ ചെലവു നടത്തിയത് ശരിയല്ല. പ്രതിഫലം കുറവു ചെയ്ത അവസരത്തിൽ തന്നെ പദ്ധതിയുടെ സാമ്പത്തിക വിശകലനത്തിൽ വ്യത്യാസം വരുത്തി പ്രോജക്ട് റിവൈസ് ചെയ്തിരുന്നുവെങ്കിൽ അപാകങ്ങൾ ഒഴിവാക്കാമായിരുന്നു എന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച കൂടുതൽ അന്വേഷണം ആവശ്യമാണ്. പ്രോജക്ട് നിർദ്ദേശത്തിൽ നിന്ന് വ്യതിചലിച്ചു കൊണ്ട് പരിശീലനം നടത്തിയതിനാലും പരിശീലകർക്ക് കൂടുതൽ തുക വേതനമായി അനുവദിച്ചതിനാലും 108000 രൂപയുടെ ചെലവ് നടസത്തിൽ വെക്കുന്നു.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/17-18 26/10/18 ന് നല്കിയ മറുപടി തൃപ്തികരമല്ല. പദ്ധതിയുടെ നിയമ വശങ്ങൾ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കേണ്ടത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയാണെന്ന കാര്യവും പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

## 3-10 സ്കൂൾ കുട്ടികൾക്ക് യോഗാപരിശീലനം -സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിൽ അധികരിച്ച് പ്രതിഫലം നല്കിയത്- 6000രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | 168/18 |
| പ്രോജക്ടിന്റെ പേര് | സ്കൂൾ കുട്ടികൾക്ക് യോഗാപരിശീലനം |
| അടങ്കൽ | ₹ 110000-തനത് ഫണ്ട് |
| ചെലവ്<br>ചെക്ക് നം/തീയ്യതി/തുക | 043735 മുതൽ 043740/28.3.2018-₹ 60562 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ്.,ചെറുവാച്ചേരി |

മേൽ പദ്ധതിപ്രകാരം മൂന്ന് സെന്ററുകളിൽ വച്ച് 20 ദിവസം വീതമുള്ള യോഗാപരിശീലനം നടത്തിയിട്ടുണ്ട്.ഓരോ സെന്ററിലെയും പരിശീലകർക്ക് ഒരു ദിവസം 400രൂപ നിരക്കിൽ ഒരാൾക്ക് 20 ദിവസത്തേക്ക് സ.ഉ(സാധാ)നം.3190/2017 ത.സ്വ.ഭ.വ – തീയ്യതി.3.10.2017 പ്രകാരം 8000-രൂപ വീതം നല്കാനാണ് അനുമതിയുള്ളത്.എന്നാൽ 20 ദിവസത്തേക്ക് ഒരാൾക്ക് 10000 രൂപ വീതം യോഗാപരിശീലനത്തിന് വേതനം നൽകിയത് ക്രമപ്രകാരമല്ല .സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിൽ അധികരിച്ച് പ്രതിഫലം നല്കിയതിനാൽ 6000രൂപയുടെ(3*2000) ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

## 3-11 ടാർ വാങ്ങൽ -ഗ്രാമപഞ്ചായത്തിന് തിരികെ കിട്ടാനുള്ള തുക ലഭ്യമാകാത്തതും കൺവെയൻസ് കോൺട്രാക്ടിലെ അപാകങ്ങളും

1.ഗ്രാമപഞ്ചായത്തിന് ലഭിക്കുവാൻ ബാക്കിയുള്ള തുക സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ റോഡുകൾ ടാർ ചെയ്യുന്ന പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് നല്കുന്നതിനായി 2016-17സാമ്പത്തിക വർഷത്തിൽ 347 ബാരൽ ടാർ(72emulsion+275Bitumen) വാങ്ങുന്നതിനായി 22,84,644രൂപ രണ്ടു കമ്പനികൾക്കായി താഴെ ചേർക്കുന്ന വൌച്ചറുകൾ പ്രകാരം നല്കിയിരുന്നു.

1. 1127/31.03.17 7,45,095രൂപ ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡ്

2. 1128/31.03.17 15,39,549രൂപ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ

ഗ്രാമപഞ്ചായത്തിനു ലഭിച്ച ടാറിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | ഇൻവോയ്സ് നമ്പർ തീയതി | ബാരൽ എണ്ണം | വില | കമ്പനി |
|---|---|---|---|---|
| SS1 | 4160/17.04.17 | 31 | 365619 | ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡ് |
| SS1 | 5194/08.05.17 | 15 | 177947 | |
| RS1 | 4553/24.04.17 | 22 | 157781 | |
| RS1 | 6420/27.05.17 | 4 | 29040 | |
| | ആകെ | 72 | 730387 | |
| VG-30 | 0006760/18.04.17 | 26 | 135586 | ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ |

| | | | | |
|---|---|---|---|---|
| VG-30 | 0006817/19.04.17 | 60 | 312892.93 | |
| VG-30 | 0006826/19.04.17 | 85 | 443265 | |
| VG-30 | 0037281/11.05.177 | 60 | 315798.05 | |
| VG-30 | 0018110/27.05.17 | 44 | 234998.92 | |
| | ആകെ | 275 | 1442541.84 | |

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് 1539549രൂപ നല്കിയതിൽ ഇറക്കിയ ടാറിന്റെ വില കിഴിച്ച് ബാക്കി തുക 97012രൂപ 28.06.18ന് കമ്പനി ഗ്രാമപഞ്ചായത്തിന് തിരികെ നല്കിയിട്ടുണ്ട്. എന്നാൽ ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡ് ന് നല്കിയ 745095രൂപയിൽ ഇറക്കിയ ഇമൽഷന്റെ വില 730387രൂപ കഴിച്ച് ബാക്കി 14708രൂപ തിരികെ ലഭിച്ചിട്ടില്ല. തുക തിരിച്ചു കിട്ടുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൺവെയൻസ് കോൺട്രാക്ട്

18.04.17 മുതൽ 28.05.17 വരെയുള്ള കാലയളവിൽ കബീർ ട്രാൻസ്പോർട്ട് , മൂവാറ്റു പുഴ എന്ന സ്ഥാപനമാണ് ഗ്രാമപഞ്ചായത്തിലേക്ക് ബിറ്റുമിനും ഇമൽഷനും എത്തിച്ചത്. എന്നാൽ 31.03.17 ൽ തന്നെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 47,080രൂപ കബീർ ട്രാൻസ്പോർട്ടിന് നല്കിയിട്ടുണ്ട്(വൌച്ചർ നമ്പർ 1129/31.03.2017) .

ടാർ കൊണ്ടു വരുന്നതിനായി ക്വട്ടേഷൻ വിളിച്ചതിന്റെയോ ഭരണസമിതി കരാറുകാരെ അംഗീകരിച്ചതിന്റെയോ വിശദാംശങ്ങൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. എത്ര തുകയ്ക്കാണ് കരാർ നല്കിയതെന്നും വ്യക്തമല്ല.

ക്വട്ടേഷൻ ഫയലും ഭരണസമിതി തീരുമാനവും കരാറുകാരനുമായി ഉണ്ടാക്കിയ കരാറും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
ട്രാൻസ്പോർട്ടേഷൻ നടത്തുന്നതിനു മുമ്പ് കരാറുകാരന് തുക നല്കിയതും ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല

## 3-12 പെയിൻ&പാലിയേറ്റീവ് പരിചരണ പദ്ധതി - കാര്യക്ഷമമായി പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ(സാധാ)നം 3217/2015/ത.സ്വ.ഭ.വ തീയ്യതി 29.10.15 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ്കമ്മിറ്റി(PMC) രൂപീകരിച്ച്. രണ്ടു മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ്

പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ PMC യുടെ യോഗം 2017-18 സാമ്പത്തിക വർഷത്തിൽ 27.5.2017, 14.11.2017, 10.01.2018. എന്നീ തീയതികളിൽ ചേർന്നിട്ടുണ്ട്.

പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എല്ലാമാസവും 5-ാം തീയ്യതിക്കുമുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ്കെയർ നിർവ്വഹണംവിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ രണ്ട്പ്രതിമാസയോഗങ്ങൾക്കിടയിലും ഈകമ്മിറ്റിക്ക് യോഗം ചേരാം. പ്രസ്തുതകമ്മിറ്റിയുടെ യോഗം 201718 സാമ്പത്തിക വർഷത്തിൽ 31.5.2017, 30.6.2017, 31.7.2017, 29.8.2017, 28.9.2017, 31.10.2017, 29.12.2017, 3.2.2018 നം ചേർന്നിട്ടുണ്ട്. എല്ലാമാസവും 5-ാം തീയ്യതിക്കുമുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ്കെയർ നിർവ്വഹണം വിലയിരുത്തി പെയിൻ&പാലിയേറ്റീവ് പരിചരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുവാനും അതിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധകേന്ദ്രീകരിക്കേണ്ടതാണ്.

പെയിൻ& പാലിയേറ്റീവ് കെയറിനുവേണ്ടി2017-18 സാമ്പത്തികവർഷത്തിൽ പ്രോജക്ട് നം170/18-ൽ 727838/-രൂപ ചെലവഴിച്ചിട്ടുണ്ട്.

സ.ഉ(സാധാ)നം3217/2015/ത.സ്വ.ഭ.വ തീയ്യതി.29.10.2015 പ്രകാരം പെയിൻ&പാലിയേറ്റീവ് കെയർനോമിനൽ റജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന (റജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ഒഴിവാക്കപ്പെട്ടവരെയും മരണപ്പെട്ടവരെയും ഒഴിവാക്കിയശേഷമുള്ളവർ) രോഗികളുടെ പേരുവിവരം തദ്ദേശ ഭരണസ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് റജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ് സൈറ്റിലുള്ള ലിസ്റ്റിലും വരുത്തേണ്ടതാണ്. രോഗികളുടെ പേരുവിവരം വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതെയാണ് മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളത്. പാലിയേറ്റീവ് കെയർ നോമിനൽ റജിസ്റ്ററിൽ ഉൾപ്പെട്ടവരുടെ പേരുവിവരം തദ്ദേശ ഭരണസ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയം എക്സിറ്റ് മീറ്റിംഗിൽ ശ്രദ്ധയിൽ പെടുത്തിയപ്പോൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യവസ്ഥ ശ്രദ്ധയിൽ പെടാത്തതിനാലാണ് വീഴ്ച്ച സംഭവിച്ചതെന്നും അറിയിക്കുകയുണ്ടായി. അപാകം പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 വയോജനങ്ങൾക്ക് ഉപകരണങ്ങൾ-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ- 95940 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ 174/18 വയോജനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

അടങ്കൽ 1,00,000രൂപ

ചെലവ് 95,940രൂപ(ബിൽ നമ്പർ 9/17-18 13.03.18)

1. പ്രോജക്ട് പ്രകാരം കേൾവി ശക്തി കുറഞ്ഞവർക്ക് ടെലഫോണിൽ ഘടിപ്പിക്കാവുന്ന ഇയർ അറ്റാച്ച് മെന്റ് , പതിനാറെണ്ണം വാങ്ങുന്നതിന് 16X6000=96000രൂപയാണ് വകയിരുത്തിയത്. (ക്യാമ്പ് ചെലവ് 4000രൂപ ഉൾപ്പെടെ ആകെ അടങ്കൽ 100000രൂപ). എന്നാൽ ഈ രീതിയിലല്ല പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

2. ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ ഫയലിൽ പരിശോധന നടത്തിയവർ ഒപ്പു വയ്ക്കാത്ത റിപ്പോർട്ടുകളാണ് ഉണ്ടായിരുന്നത്. ആയത് ആധികാരികമല്ല

3. ഗ്രാമസഭ തെരഞ്ഞെടുത്ത് ഭരണസമിതി അംഗീകാരത്തോടെ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് ആറു പേരുടെ ലിസ്റ്റാണ്. പിന്നീട് ഹെൽത്ത് സെന്ററിൽ നേരിട്ട് ലഭിച്ച പന്ത്രണ്ട് അപേക്ഷകളും ഭരണസമിതി അംഗീകരിക്കുകയുണ്ടായി. പ്രസ്തുത ലിസ്റ്റിന് പിന്നീട് ഗ്രാമസഭകളുടെ അംഗീകാരം വാങ്ങിയിട്ടുണ്ടെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി.എന്നാൽ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിൽ നിന്ന് വ്യത്യസ്തമായ ഗുണഭോക്തൃ ലിസ്റ്റ് അടിസ്ഥാനമാക്കി ആനുകൂല്യങ്ങൾ നല്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

4.പതിനെട്ടു പേരാണ് മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തതെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. പ്രസ്തുത ലിസ്റ്റിൽ ഗുണഭോക്താക്കൾ ഒപ്പിട്ടതല്ലാതെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മൂന്ന് വിഭാഗത്തിൽ പെട്ട 19 ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്.

5.മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനാലും ആധികാരിക രേഖകൾ ഹാജരാക്കാത്തതിനാലും 95940 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 3-14 കൃഷി ഓഫീസ്സർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ

പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ.80/2017 തസ്വഭവ,തീയ്യതി.3.4.2017 ഖണ്ഡിക 8.1-ലെ നിർദ്ദേശ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ട് എന്ന് കൃഷി ഓഫീസ്സർ ഉറപ്പവരുത്തിയ സാക്ഷ്യ പത്രവും പരിശോധനാ റിപ്പോർട്ടും സബ്സിഡി നൽകുന്നതിന് മുൻപായി ഒരോ അപേക്ഷയുടെ കൂടെയും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ കൃഷി ഓഫീസ്സർ നടപ്പിലാക്കിയ പദ്ധതികളായ നെൽകൃഷി വികസനം(പ്രൊജക്ട് നം.130/18) പച്ചക്കറി വികസനം(പ്രോജക്ട് നമ്പർ /18) എന്നിവയിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടിട്ടുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തേണ്ടതും സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്

## 3-15 സംസ്ഥാന ആവിഷ്കൃത ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല

ബിൽ നം.29/17-18 തീയ്യതി 28.02.2018 , തുക 1,14,000/-

ഗ്രാമ പഞ്ചായത്തിലെ നെൽ കൃഷി ചെയ്യുന്ന ഗുണഭോക്താക്കൾക്ക് ഉല്പാദന ബോണസ്

നൽകുന്നതിന് വേണ്ടി മേൽ ബിൽ പ്രകാരം ഫിബ്രുവരി മാസം മാറിയ 1,14,000/- രൂപ കൃഷി ഓഫീസ്സറുടെ ടിഎസ് ബി അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക 2017-18 സാമ്പത്തിക വർഷം ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. 2018 ഏപ്രിൽ മാസത്തോടെയാണ് ഫണ്ട് വിനിയോഗിച്ചത്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ വന്ന കാലതാമസമാണ് ഇതിനു കാരണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഇത്തരം കാലതാമസങ്ങൾ ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചു കൊണ്ട് ഫണ്ട് അനുവദിച്ച വർഷം തന്നെ ധനസഹായം ഗുണഭോക്താക്കൾക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 <u>ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനമെന്ന ബൃഹത്തായ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് നടപ്പാക്കിയ പദ്ധതികളാണ് ഡിസ്പോസിബിൾ ഫ്രീ പഞ്ചായത്ത് (71/18), പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജന പരിപാടി(73/18), അജൈവ മാലിന്യ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ (പറവൂർ(204/18), കള്ളക്കാം തോട്(204/18))എന്നിവ.

<u>ഡിസ്പോസിബിൾ ഫ്രീ പഞ്ചായത്ത്</u>

പദ്ധതിയുടെ ഭാഗമായി സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസുകളും വാങ്ങുകയും പതിനഞ്ച് അംഗനവാടികളുടെ സൂക്ഷിപ്പിൽ വിവിധ പരിപാടികൾക്കായി വാടകയ്ക്ക് നല്കുന്നതിന് റസീറ്റ് ബുക്കുകൾ പ്രിന്റ് ചെയ്ത് നല്കുകയും ചെയ്തിട്ടുണ്ട്. വലിയ പ്ലേറ്റിന് ദിവസം രണ്ടു രൂപയും ഗ്ലാസുകൾക്കും ചെറിയ പ്ലേറ്റുകൾക്കും ഒരു രൂപ വീതവുമാണ് വാടക നിശ്ചയിച്ചിരുന്നത്. ഈ രീതിയിൽ ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായും ഡിസ്പോസിബിൾ സാധനങ്ങളുടെ വിതരണം ഒഴിവാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. സ്റ്റീൽ പ്ലേറ്റുകൾ വിവാഹം പോലുള്ള ആവശ്യങ്ങൾക്ക് എത്രത്തോളം പ്രാവർത്തികമാകും എന്നതു സംബന്ധിച്ച വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. ആദ്യം ചെറിയ തോതിൽ നടപ്പാക്കി വിജയ സാധ്യത പരിശോധിച്ച ശേഷം പൂർണ്ണമായും നടപ്പാക്കുകയായിരുന്നു വേണ്ടിയിരുന്നത്. 14,00,000രൂപ വികസന ഫണ്ടും 4,08,000രൂപ ശുചിത്വ മിഷൻ ഗ്രാന്റും 2,02,000രൂപ തനതു ഫണ്ടും വകയിരുത്തിയ പദ്ധതിക്ക് (ആകെ 20,10,000രൂപ) വേണ്ടി ആകെ ചെലവു വന്നത് 10,45,279 രൂപയാണ്. വികസന ഫണ്ട് മാത്രമാണ് വിനിയോഗിച്ചത്. മറ്റു ഫണ്ടുകളിൽ നിന്ന് ആനുപാതിക ചെലവ് നടത്തിയിട്ടില്ല. പദ്ധതി പൂർണ്ണമായ രീതിയിൽ തന്നെ നടപ്പാക്കിയിരുന്നു എങ്കിലും വകയിരുത്തിയ തുകയുടെ പകുതി മാത്രമാണ് ചെലവു വന്നത് എന്നതിൽ നിന്നും ശരിയായ സാമ്പത്തിക വിശകലനം നടത്താതെയാണ് പദ്ധതി രൂപീകരിച്ചത് എന്ന് വ്യക്തമാണ്. വലുതും ചെറുതുമായി 5250 പ്ലേറ്റുകളും (3750+1500), 5235(2617+2618) ഗ്ലാസുകളുമാണ് വാങ്ങിയിട്ടുള്ളത്.പദ്ധതി തയ്യാറാക്കുമ്പോൾ സ്പെസിഫിക്കേഷൻ നിശ്ചിയിക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് പിന്നീട് ഭരണസമിതി തീരുമാന പ്രകാരം സ്പെസിഫിക്കേഷൻ നിശ്ചയിക്കുകയായിരുന്നു.

കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്ത് എന്ന നിലയിൽ കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങളുടെ ഉപയോഗം വിപുലമായ പരിപാടികളുടെ കാര്യത്തിൽ എത്രത്തോളം

പ്രാവർത്തികമാകും എന്ന് പദ്ധതി രൂപീകരണ വേളയിൽ പരിഗണനാ വിധേയമാക്കേണ്ടതായിരുന്നു. എന്നിരുന്നാലും ഗ്രാമപഞ്ചായത്ത് സദുദ്ദേശത്തോടെ നടപ്പാക്കിയ പ്രസ്തുത പദ്ധതി ലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതിലേക്ക് ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രീൻ പ്രോട്ടോക്കോൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കരട് ബൈലോ തയ്യാറാക്കി പൊതു ജനങ്ങളിൽ നിന്ന് ആക്ഷേപം ക്ഷണിക്കുകയും ആക്ഷേപങ്ങളൊന്നും മുന്നോട്ടു വയ്ക്കാത്ത സാഹചര്യത്തിൽ ബൈലോ ഡയറക്ടറുടെ അംഗീകാരത്തിനായി അയക്കുകയും ചെയ്തിട്ടുണ്ട്.

പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പതിനഞ്ച് വാർഡുകളിലായി ഒരു വാർഡിൽ 3 എണ്ണം വീതം 45 ഫൈബർ ബിന്നുകൾ റെയ്ഡ്കോയിൽ നിന്ന് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കേണ്ടുന്ന മാലിന്യം തരംതിരിച്ച് കലക്ഷൻ കേന്ദ്രങ്ങളിലെത്തിക്കുക എന്ന പ്രവർത്തനം ഓഡിറ്റ് വർഷം നടന്നിട്ടില്ല. ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് സംഭരിക്കാനുള്ള സൗകര്യം ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതിനാൽ പ്ലാസ്റ്റിക്ക് ശേഖരണം നിർത്തി വച്ചതായും പിന്നീട് 2018 നവംബർ മുതൽ വീണ്ടും വീടുകളിൽ നിന്ന് ഹരിത കർമ്മസേന പ്ലാസ്റ്റിക്ക് ശേഖരിക്കാൻ തീരുമാനിച്ചതായും ഈ അവസരത്തിൽ ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ താല്ക്കാലികമായി സംഭരിക്കാൻ ഫൈബർ ബിന്നുകൾ ഉപയോഗിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ വിഇഒ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടേയും ലക്ഷ്യപ്രാപ്തി ഉറപ്പു വരുത്തേണ്ടതിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മാലിന്യ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ

മാലിന്യ സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ടി എസ് സി ഫണ്ട് ഉൾപ്പെടുത്തി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. പറവൂർ അജൈവ മാലിന്യ സംഭരണ കേന്ദ്രത്തിനായി ഓഡിറ്റ് വർഷം പത്തു ലക്ഷം രൂപ ടി എസ് സി ഫണ്ട് വകയിരുത്തിയിരുന്നു എങ്കിലും തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. കള്ളക്കാംതോട് അജൈവ മാലിന്യ സംഭരണ കേന്ദ്രത്തിനായി വകയിരുത്തിയ പത്തു ലക്ഷം രൂപയിൽ (ടിഎസ് സി ഫണ്ട്) 526224രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾ പൂർത്തിയാക്കി അജൈവ മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 ഓഡിറ്റ് അന്വേഷണം നല്കിയതിനെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിവരങ്ങൾ

ഓഡിറ്റ് അന്വേഷണം നല്കിയതിനെ തുടർന്ന് ഓഡിറ്റ് വേളയിൽ തന്നെ തിരിച്ചടച്ച തുകയുടെ(85671രൂപ) വിവരങ്ങൾ ഖണ്ഡിക 4-10 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2017-18 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 2017-18 | 187500 | നെൽക്കൃഷി വികസനം | 187500 | 0 |
| | 2017-18 | 200000 | സാന്ത്വന പരിചരണം | 0 | 200000 |
| | 2017-18 | 150000 | ജൈവപച്ചക്കറി കൃഷി | 150000 | 0 |
| | 2017-18 | 225000 | നെൽക്കൃഷി വികസനം | 225000 | 0 |
| | 2017-18 | 1500000 | പുത്തൂർകുന്ന് സാംസ്കാരിക നിലയത്തിന് ഒന്നാംനില നിർമ്മാണം | 0 | 1500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | ശ്മശാന നവീകരണം | 1000000 | 0 |
| | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2017-18 | 210000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 210000 | 0 |
| | 2017-18 | 187500 | നെൽക്കൃഷി വികസനം | 187500 | 0 |
| | 2017-18 | 97500 | സ്വാശ്രയസംഘങ്ങൾക്ക് കാടുവെട്ടി യന്ത്രം | 89286 | 8214 |
| | 2017-18 | 63750 | പാടശേഖരസമിതിക്ക് പവർടില്ലർ | 58125 | 5625 |
| | 2017-18 | 637500 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 421440 | 216060 |

ഇതിനു പുറമേ പട്ടികജാതികർക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രം

സ്ഥാപിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് നൽകിയ 1020000 രൂപയും വിനിയോഗിച്ചിട്ടില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ ഡബ്ല്യു എ | അംഗനവാടികൾക്ക് ജപ്പാൻ കുടിവെള്ളകണക്ഷൻ ലഭ്യമാക്കൽ | 21700726 തീ.15.01.2018 | 225000 | -- | 225000 |
| ,, | ആശ്രയ ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ | ബിൽ നമ്പർ 9/17-18 28.03.18 | 25000 | -- | 25000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം,ഇൻവെസ്റ്റ്മെന്റ്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപങ്ങൾ | 2,22,55,805 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 19,14,271 |
| ആകെ | 2,41,70,076 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |

| | |
|---|---|
| | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ | 2,41,70,076 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | എഫ് ഡി നമ്പർ | തുക |
|---|---|---|
| മാടായി കോ-ഓപ് റൂറൽ ബാങ്ക് | 180211103259 | 12,01,750 |
| മാടായി കോ-ഓപ് റൂറൽ ബാങ്ക് | 180211103177 | 13,97,431 |
| മാടായി കോ-ഓപ് റൂറൽ ബാങ്ക് | 180211103178 | 15,43,582 |
| മാടായി കോ-ഓപ് റൂറൽ ബാങ്ക് | 180211103179 | 13,97,431 |
| മാടായി കോ-ഓപ് റൂറൽ ബാങ്ക് | 180211103255 | 13,09,908 |
| മാടായി കോ-ഓപ് റൂറൽ ബാങ്ക് | 100211113504 | 3,25,074 |
| കടന്നപ്പള്ളി പാണപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 485 | 26,13,725 |
| കടന്നപ്പള്ളി പാണപ്പുഴ സർവ്വീസ് | 486 | 26,13,725 |

| | | |
|---|---|---|
| സഹകരണ ബാങ്ക് | | |
| കടന്നപ്പള്ളി പാണപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 487 | 26,13,725 |
| കടന്നപ്പള്ളി പാണപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 488 | 26,13,725 |
| കടന്നപ്പള്ളി പാണപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 202111501132 | 21,70,000 |
| കടന്നപ്പള്ളി പാണപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 202111501133 | 21,70,000 |
| കടന്നപ്പള്ളി പാണപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 202111501313 | 21,80,000 |
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോർപ്പറേഷൻ-വിസ്മയ- ബി ക്ലാസ് | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4425/09.04.15 | 20,000 |

| | | |
|---|---|---|
| ഷെയർ -2 എണ്ണം | | |
| ആകെ | | 2,41,70,076 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 6150 രൂപ വരവുണ്ട് .

| റിപ്പോർട്ട് വർഷം | ഭാഗം , ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | റസീറ്റ് നമ്പർ |
|---|---|---|---|---|
| 2012-13,13-14 | 3-19 | 6150രൂപ | രൂപേഷ് ടി , ഡ്രൈവർ | 117010105164 06.01.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 03/05/17 | 2009-10 | 3-4-2(5) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിഷ്ക്രിയാവസ്ഥ | നിലവിൽ മുറികൾ വാടകയ്ക്ക് നല്കുന്നുണ്ട്. പരാമർശം ഒഴിവാക്കിയിട്ടില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക – ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം(റസീറ്റ്&പേമെന്റ് പത്രിക പ്രകാരം)

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,16,60,830 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,22,12,281 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 6,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,28,940 |

(*)ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിവരങ്ങൾ ഖണ്ഡിക 4-10 ൽ ചേർത്തിട്ടുണ്ട്

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-10 | | 6,000 | ശ്രീമതി ലതിക പി , ഹെഡ് മിസ്ട്രസ് |
| | | 6,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 25,000 | ഡോ.അരുൺബാബു.എൻ.ബി, മെഡിക്കൽ ഓഫീസർ,പിഎച്ച് സി |
| 3-9 | 1,08,000 | ശ്രീമതി ജീന കൃഷ്ണൻ, വി.ഇ.ഒ. |
| 3-13 | 95,940 | ഡോ.അരുൺബാബു.എൻ.ബി, മെഡിക്കൽ ഓഫീസർ,പിഎച്ച് സി |
| | 2,28,940 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഖണ്ഡിക 3-9

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജീന കൃഷ്ണൻ, വി ഇ ഒ | വി ഇ ഒ, പരിയാരം ഗ്രാമപഞ്ചായത്ത് | ലക്ഷ്മി നിവാസ് , പടിഞ്ഞാറേക്കര,കടന്നപ്പള്ളി |
| ശ്രീമതി ലതിക പി, ഹെഡ് മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, പാണപ്പുഴ | താഴെ വീട്ടിൽ , തായിനേരി , പയ്യന്നൂർ |

## 4-10 ഓഡിറ്റ് ഇംപാക്ട്

| ഓഡിറ്റ് എൻക്വയറി നമ്പർ | വിഷയം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ഒടുക്കിയ തുക | റസീറ്റ് നമ്പർ തീയതി |
|---|---|---|---|---|
| 6/17-18,27.10.18 | ഫൈനൽ ബില്ലിൽ നിന്ന് ബിറ്റുമിൻ വില ഈടാക്കിയതിൽ കുറവു വന്നത് | അസിസ്റ്റന്റ് എഞ്ചിനീയർ | 14297 | 118010103755 31.10.18 |
| 16/17-18,31.10.18 | അനധികൃതമായി പ്രവർത്തിക്കുന്ന പന്നിഫാമുകളിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കുന്നത് | സെക്രട്ടറി | 23150 | 118010103785 31.10.18 |
| | | | 23150 | 118010103784 31.10.18 |
| | | | 23150 | 118010103786 31.10.18 |
| 19/17-18,31.10.18 | കരാർ ചമക്കാൻ വൈകിയതിന് പിഴ ഈടാക്കാത്തതുംടെണ്ടർ കുറവ് കുറവു ചെയ്യാത്തതും - തുക ഈടാക്കിയത് | അസിസ്റ്റന്റ് എഞ്ചിനീയർ | 1924 | 118010103789 31.10.18 |
| | | | | 85671രൂപ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെഎസ്എ/കെ.എൻ.ആർ /സി3-140/18 24.03.18 | 4 |
| 1998-99 | കെഎസ്എ/കെ.എൻ.ആർ /സി3-140/18 24.03.18 | 1 |
| 1999-00 | കെഎസ്എ/കെ.എൻ.ആർ /സി3-140/18 24.03.18 | 7 |
| 2005-06 | കെഎസ്എ/കെ.എൻ.ആർ /സി3-140/18 24.03.18 | 1 |
| 2006-07 | കെഎസ്എ/കെ.എൻ.ആർ /സി3-140/18 24.03.18 | 1 |
| 2009-10,10-11 | കെഎസ്എ/കെ.എൻ.ആർ /സി3-140/18 24.03.18 | 3 |
| 2011-12,12-13 | കെഎസ്എ/കെ.എൻ.ആർ /സി3-140/18 24.03.18 | 11 |
| 2013-14,14-15 | കെഎസ്എ/കെ.എൻ.ആർ /സി6-965/16 13.10.17 | 17 |
| 2015-16 | കെഎസ്എ/കെ എൻ ആർ/സി3-1604/17 13.12.17 | 8 |

| | | |
|---|---|---|
| 2016-17 | കെഎസ്എ/കെ.എൻ.ആർ /സി13-412/18 26.04.18 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.13/1906/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 18.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# Receipt And Payment Statement

Kandannappally Panappuzha Grama Panchayath

For the period from 01 April 2017 to 31 March 2018

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| Opening Balance | | | |

| | | | |
|---|---|---|---|
| | Bank | RP-40(a) | 6807685 |
| | Cash | RP-40(a) | 25515 |
| Receipts | | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 5676820 |
| 130000000 | Rental Income panchayath Properties | RP-3 | 26242 |
| 140000000 | Fees &User Charges | RP- 4 | 1238714 |
| 150000000 | Sale &Hire Charges | RP- 5 | 307629 |
| 151000000 | Receipts from transferred institutions | RP-6 | 130 |
| 160000000 | Revenue Grants, Funds, Contributions &Compensations | RP- 7 | 42547937 |
| 171000000 | Interest Earned | RP- 9 | 126036 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 7678463 |
| 350000000 | Other Liabilities | RP-36 | 254189 |

| | | | |
|---|---|---|---|
| Non Operating | | | |
| 180000000 | Other Income | RP- 10 | 5010 |
| 311000000 | Earmarked Funds | RP-29 | 4938 |
| 340000000 | Deposits Received | RP- 34 | 375338 |
| 350000000 | Other Liabilities | RP- 36 | 178245 |
| 431000000 | Sundry Debtors(Receivables) | RP- 43 | 2823638 |
| 460000000 | Loans,Advances and Deposits | RP- 47 | 417501 |
| Grand Total | | | 68494030 |
| Payments | | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 2799481 |
| 220000000 | Administrative Expenses | RP-12 | 973496 |
| 230000000 | Operatations &Maintanance | RP-13 | 882367 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 6514166 |

| | | | |
|---|---|---|---|
| 251000000 | Decentralised plan programme – Service Sector | RP-16 | 11341377 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 4236207 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 356250 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 308280 |
| 255000000 | Maintanance Projects | RP-20 | 5973538 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 21000 |
| 280000000 | Prior Period Item | RP-26 | 310534 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 43432 |
| 350000000 | Other Liabilities | RP-36 | 5103983 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 2385 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | RP-26 | -329036 |
| 311000000 | Ear marked funds | RP-29 | 11500 |
| 340000000 | Deposits Received | RP-34 | 210570 |
| 350000000 | Other Liabilities | RP-36 | 2107726 |
| 410000000 | Fixed Assets | RP-38 | 17330581 |
| 412000000 | Capital Work In Progress | RP-40 | 1889413 |
| 431000000 | Sundry debtors(receivables) | RP-43 | 1663135 |
| 460000000 | Loans,Advances and Deposits | RP-47 | 461896 |
| | Closing Balance | | |
| | Bank | RP-40(b) | 6266930 |
| | Cash | RP-40(b) | 14819 |
| Grand Total | | | 68494030 |

## അനുബന്ധം-2-2

# Income & Expenditure statement

Kadannappally Panappuzha Grama Panchayath

For the period from 01 April 2017 to 31 March 2018

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 9061383 |
| 130000000 | Rental Income from panchayath properties | I-3 | 114242 |
| 140000000 | Fee &User charges | I-4(b) | 1329164 |
| 150000000 | Sale &Hire Charges | I-5(b) | 308579 |
| 151000000 | Receipts from transferred institutions | I-5(a) | 130 |
| 160000000 | Revenue Grants,Funds,Contributions& Compensations | I-6 | 84524683 |
| 170000000 | Interest from investments | I-7 | 1914271 |
| 170000000 | Interest Earned | I-8 | 126036 |
| 180000000 | Other Income | I-9 | 5010 |
| A | Total Income | | 9,73,83,498 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 9527098 |
| 220000000 | Administrative Expenses | I-11(b) | 1204769 |
| 230000000 | Operations &Maintanance | I-12(b) | 884147 |
| 240000000 | Interest &Finance Charges | I-13 | 2332 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan programme – Productive Sector | I-14 | 12722545 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 15977027 |
| 252000000 | Decentralised Plan programme – Infrastructure Sector | I-14(b) | 4500207 |
| 2530000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 356250 |
| 2540000000 | Expenditures of Transferred Institutions &State Sponsored Schemes | I-14(d) | 41412780 |
| 2550000000 | Maintanance Projects | I-14(e) | 5973538 |
| 260000000 | Grants Contributions and Compensations from Own Fund | I-15 | 21000 |
| 270000000 | Provisions and write off | I-16 | 5394 |
| 2720000000 | Depreciation | I-17(a) | 2603067 |
| B | Total – Expenditure | | 95190154 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 2193344 |
| D=280000000 | Prior period Item | I-18 | 1658299 |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items | | 535045 |

| | | | |
|---|---|---|---|
| | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

## അനുബന്ധം-2-3

# Balance Sheet

Kadannappally Panappuzha Grama Panchayath

As on 31 March, 2018

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| LIABILITIES | | | |
| Reserve &surplus | | | |
| 310000000 | Panchayat Funds | B-1 | 3455485 |
| 311000000 | Earmarked Funds | B-2 | 76523 |
| 312000000 | Reserves | B-3 | 57789399 |
| Total Reserve &surplus | | | 92421407 |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 3614450 |
| Total Grants,Funds &Contributions for Specific Purposes | | | 3614450 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |

| | | | |
|---|---|---|---|
| | Total Loans | | 0 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 446417 |
| 341000000 | Deposit Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 919155 |
| | Total Current Liabilities and Provisions | | 1365572 |
| | Total Liabiliities | | 97401431 |
| Fixed Assets | | | |
| 410000000 | Fixed Assets | B-11 | 77606745 |
| 411000000 | Accumulated Depreciation | B-11 | (15094986) |
| 412000000 | Capital Work In Progress | B-11(a) | 1889413 |
| | Total Fixed Assets | | 64401172 |
| | Investments | | |
| 420000000 | Investments | B-12 | 24170076 |
| | Total Investments | | 24170076 |
| Current Assets,Loans and Advances | | | |
| 431000000 | Sundry Debtors (Receivables) | B-15 | 2509734 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank balance | B-17 | 6281749 |

| | | | |
|---|---|---|---|
| 460000000 | Loans,Advances and Deposits | B-18 | 38700 |
| | Total Current Assets,Loans and Advances | | 8830183 |
| | Total Assets | | 97401431 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.